NERVEEDHI
Volume -12, Issue - 05, 10th May 2023, Monthly, Price ₹ 25, Published at Kottayam
വാല്യം-12, ലക്കം-05, മെയ് 2023 - പ്രതിമാസം - വില ₹ 25 - പ്രസിദ്ധീകരണം : കോട്ടയം

# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി



## വിശ്വാസവും പ്രാർത്ഥനയും

പേജ് 25

# ദൈവത്തിങ്കലേക്കു നയിക്കുക...

എല്ലാ മാതാപിതാക്കളും തങ്ങളുടെ കുഞ്ഞുങ്ങൾ ആത്മികതയുടെ നേർപാതയിൽ മുന്നേറണമെന്നു ആത്മാർഥമായി ആഗ്രഹിക്കുന്നവരാണോ? വിദ്യാഭ്യാസത്തിൽ തങ്ങളുടെ കുഞ്ഞുങ്ങൾ മുൻനിരയിൽ നിൽക്കണമെന്ന് ആഗ്രഹിക്കുന്നതുപോലെ, ദൈവിക വിഷയങ്ങളിൽ അവർ ഉയർന്നുശോഭിക്കണമെന്ന വാഞ്ചയോടെ അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ദൈവവചനം അഭ്യസിപ്പിക്കുകയും ചെയ്യാറുണ്ടോ?

യുവജനങ്ങൾ ഇന്ന് സുരക്ഷിതമല്ലാത്ത ഒരു ലോകത്താണ് ജീവിക്കുന്നത്. അവർ അറിവിന്റെയും ധനത്തിന്റെയും ഒരു സുരക്ഷാമേഖലയിലാണെന്ന തോന്നൽ നൽകുന്ന എന്തിനും ഏതിനും വേണ്ടി പരക്കംപായുകയാണ്. വൻനഗരങ്ങളിൽ സുരക്ഷയ്ക്കായി യുവാക്കൾ സംഘടിക്കുന്നു. കോളേജ് ക്യാമ്പസുകൾ പോലെയുള്ള ഇടങ്ങളിൽ, സുരക്ഷിതത്വത്തിലേക്കുള്ള വഴി ഒത്തുചേരലിലൂടെയാണെന്നു അവർ കരുതുന്നു; തനിച്ചായിരിക്കാൻ അവർ ഭയപ്പെടുന്നു. ചെറുപ്പക്കാർ സ്വയം സ്വതന്ത്രരാകുന്നതിനെക്കുറിച്ചാണ് സംസാരിക്കുന്നത്. വസ്ത്രധാരണത്തിലും സംസാരത്തിലും ധാർമ്മിക മനോഭാവത്തിലും ചിന്തയിലും അവർ അവരുടേതായ വഴിയിലും രീതിയിലും ചിന്തിക്കുന്നു. അത് പലപ്പോഴും ഈ ലോകത്തോടനുരൂപപ്പെടുന്നതിനു അവരെ നിർബന്ധിക്കുന്നു. വേറിട്ടുനിൽക്കാനോ വ്യത്യസ്തരാകാനോ അവർ ആഗ്രഹിക്കുന്നില്ല. അവർ ഈ ലോകത്തിന്റെ രീതികളോട് പൊരുത്തപ്പെടാൻ ആഗ്രഹിക്കുന്നു. സഭ നേർവഴിവിട്ടു ലോകത്തിന്റെ അമിതസ്വാധീനത്തിൽ ആകുന്നത് യൗവനക്കാർ ദൈവത്തിൽ നിന്നും, ശരിയായ ആത്മീകതയിൽ നിന്നും വ്യതിചലിച്ചു തെറ്റായ ദിശയിലേക്കു പോകുവാൻ കാരണമാകുന്നു.

ഏതെല്ലാം നിലകളിൽ യൗവനക്കാരെ ആത്മീകമായി സജീവമാക്കാം എന്നതാണ് സഭാനേതൃത്വം അടിയന്തരമായി ശ്രദ്ധിക്കേണ്ടത്. അതിനുള്ള ഫലപ്രദമായ കർമ്മപദ്ധതികൾ തയ്യാറാക്കി ക്രിസ്തുവിങ്കലേക്കു അവരെ വഴിനടത്തുന്നതിൽ സഭയിലെ പക്വതയാർന്ന വിശ്വാസികൾക്കും സൺഡേസ്കൂളധ്യാപകർക്കും സുപ്രധാനമായ പങ്കു വഹിക്കാനുണ്ട്. മാതാപിതാക്കൾ സഭയിലെ പോരായ്മകൾ വീട്ടിൽ ചർച്ച ചെയ്യുന്നത് കുട്ടികൾ വഴി തെറ്റുവാൻ കാരണമാകും. അങ്ങനെ ചെയ്യുന്നപക്ഷം കുഞ്ഞുങ്ങളുടെ മനസ്സിൽ സഭയോടും അവർ കേട്ട വ്യക്തികളോടും കടുത്ത അമർഷവും നീരസവും ഉളവാകും. ദൂരവ്യാപകമായ ദോഷഫലമായിരിക്കും അനന്തരഫലം. ഇതിൽ നിന്നും ഇളംതലമുറയെ എങ്ങനെ സ്വതന്ത്രരാക്കാം? ആയതിനുള്ള ഫലപ്രദമായ നിർദ്ദേശങ്ങൾ ഈ ലക്കത്തിലെ സന്ദേശം ഊന്നിപ്പറയുന്നു.

ഇളംതലമുറയെ ആത്മികമായി കർമ്മോത്സുകരാക്കി ക്രിസ്താനുരൂപരാക്കുവാൻ പരിശുദ്ധാത്മാവിനു മാത്രമേ സാധിക്കുകയുള്ളൂ. ഈ അന്ത്യകാലത്തു സകല ജഡത്തിന്മേലും ആത്മാവിനെ അളവുകൂടാതെ പകരുന്ന സർവ്വകൃപാലുവായ ദൈവത്തോട് പ്രാർത്ഥിക്കുവാൻ ആഹ്വാനം ചെയ്തുകൊണ്ട് മെയ്‌ലക്കം മാസിക മാന്യവായനക്കാർക്കായി സമർപ്പിക്കുന്നു.

പുസ്തകം 12 ലക്കം 5
മെയ് 2023

# ഈ ലക്കത്തിൽ

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**സുവി. പി.ഐ. എബ്രഹാം**
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building,Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.
Editor P.V Varghese.

Annual Subscription 250.00
Cover : Google Photos

**യുവതലമുറ ദർശനമുള്ളവരാകട്ടെ** **4**
ജോയ് എം. തോമസ്

**വഷളന്മാർ വിശുദ്ധന്മാരുടെ വേഷം കെട്ടിയാൽ...** **7**
സാജു മാത്യു

**അസൂയ തായ്‌വേരോടെ പിഴുതെറിയാം** **9**
ജോർജ് മാത്യു, പുതുപ്പള്ളി

**പ്രായോഗികമായ ആരാധന** **11**
ചെയ്സ് ജോസഫ്

**പരിശുദ്ധാത്മാവ് അനുഭവമാകണമെങ്കിൽ...** **14**
വാച്ച്മാൻ നീ

**കൗൺസലിംഗ് വീഥി** **16**
ഡോ. സജികുമാർ കെ. പി.

**വനിതാ വീഥി** **19**

**കവിഞ്ഞൊഴുകുന്ന ദൈവസ്നേഹം** **22**
ഷേർളി തങ്കം എബ്രഹാം.

**മുട്ടി വിളിക്കുന്ന ദൈവം** **24**

**വേദ അധ്യയനം** **25**
ജോയ് എം. തോമസ്

**ഭാരം തൂക്കുന്ന മരം** **28**

**വാർത്താ വീഥി** **30**

**ഭക്തിയും ഭക്തിയുടെ നാട്യങ്ങളും** **31**
എംസി



ജോയ് എം. തോമസ്

# യുവതലമുറ ദർശനമുള്ളവരാകട്ടെ...

യുവത്വം എന്നത് ജീവിതത്തിന്റെ വ്യത്യസ്ത ദിശകളിൽ (Phase of life) പ്രധാനപ്പെട്ട ഒരു ഘട്ടമാണ്. ജിജ്ഞാസയും, ധീരതയും, പരുക്കൻ സ്വഭാവവും, ബലവും, ഉത്സാഹവും, വിധിക്കുന്ന മനോഭാവവും എല്ലാം കലർന്ന സ്വഭാവം ഈ ഘട്ടത്തിൽ കണ്ടുവരുന്നു. ചിന്തയിലും ആശയത്തിലും പ്രവർത്തനരീതികളിലുമെല്ലാം പ്രായമുള്ളവരോടുള്ള വിയോജിപ്പ് അവരിൽ ഉണ്ടാകുന്നത് സ്വാഭാവികം. പക്വതയോടും പരിജ്ഞാനത്തോടും കൂടിയുള്ള സമീപനമാണ് മുതിർന്നവർ അവരോട് സ്വീകരിക്കേണ്ടത്. വിമർശനങ്ങളും മുറിപ്പെടുത്തുന്ന സംസാരങ്ങളും ഗുണം ചെയ്യുകയില്ല.

കുടുംബത്തിന്റെയും സഭയുടെയും ദേശത്തിന്റെയും ശക്തി യുവാക്കളാണ്. അവരെ പ്രോത്സാഹിപ്പിച്ച് ആത്മീയപാതയിൽ അവരുടെ ആരോഗ്യവും കഴിവുകളും ശക്തിയും ദൈവരാജ്യത്തിനായി പ്രയോജനപ്പെടുത്തുവാൻ സഭ എത്രത്തോളം ശ്രദ്ധിക്കുന്നു എന്നത് പരിശോധിക്കേണ്ടതാണ്. ഓരോ പ്രാദേശികസഭയും അവിടെയുള്ള വിശ്വാസികളുടെ കൂട്ടമാണ്. ഓരോ വിശ്വാസിയും കാഴ്ചപ്പാട് ഉള്ളവർ ആകുമ്പോഴാണ് സഭ ദർശനം ഉള്ളതായിരിക്കുന്നത്. ഭാവിതലമുറകളെക്കുറിച്ചുള്ള ദർശനം സഭയ്ക്ക് ഏറ്റവും അത്യാവശ്യമാണ്.

ദർശനമുള്ള യുവതീയുവാക്കൾ എഴുന്നേൽക്കുന്നത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനഫലം ആയിട്ടാണ്. യോവേൽ പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതും, പെന്തക്കോസ്തു ദിനത്തിൽ പത്രോസ് അപ്പോസ്തലൻ എടുത്ത് ഉദ്ധരിച്ചതുമായ ദൈവവചനം ഇപ്രകാരമായിരുന്നു "അന്ത്യകാലത്ത് ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും, നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും, നിങ്ങളുടെ യൗവനക്കാർ ദർശനങ്ങൾ ദർശിക്കും, നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ കാണും (അപ്പോസ്തല പ്രവർത്തികൾ 2:17).

നമ്മുടെ തലമുറയുടെ മേൽ ദൈവാത്മാവിന്റെ പകർച്ച വളരെ അത്യാവശ്യമായിരിക്കുന്നു. നാം അന്ത്യകാലത്തിന്റെ അന്ത്യനിമിഷങ്ങളിൽ ആ

**അവരെ പ്രോത്സാഹിപ്പിച്ച് ആത്മീയ പാതയിൽ അവരുടെ ആരോഗ്യവും കഴിവുകളും ശക്തിയും ദൈവരാജ്യത്തിനായി പ്രയോജനപ്പെടുത്തുവാൻ സഭ എത്രത്തോളം ശ്രദ്ധിക്കുന്നു?**

**നിങ്ങളുടെ മക്കളെ, കൊച്ചുമക്കളെ ആത്മീകതയിൽ ഉത്സുകരായി കാണുവാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നുണ്ടോ?**

യിരിക്കുന്നല്ലോ. ധാർമികമായി വളരെ ജീർണിച്ച ചുറ്റുപാടാണ് നമുക്ക് ചുറ്റും ഉള്ളത്. ദൈവഭക്തരായി ജീവിക്കുന്നതിന് വലിയ വെല്ലുവിളികളാണ് നാമും നമ്മുടെ തലമുറകളും നേരിടുന്നത്. ഈ വെല്ലുവിളികളെ നേരിട്ട്, ജയജീവിതം ജീവിക്കുന്നതിന് പരിശുദ്ധാത്മാവ് നമ്മെ സഹായിച്ചു ശക്തീകരിക്കേണ്ടതുണ്ട്.

കർത്താവ് ഭരമേല്പിച്ച ദൗത്യം ശിഷ്യന്മാർ വിജയകരമായി പൂർത്തീകരിക്കേണ്ടത് പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥന്റെ സഹായത്തോടു കൂടിയാണ് എന്നവരെ കർത്താവ് ഓർമ്മിപ്പിച്ചു. യെരുശലേം വിട്ടുപോകാതെ വാഗ്ദത്ത നിവർത്തിക്കായി കാത്തിരിക്കുവാൻ അവരെ ഉത്ബോധിപ്പിക്കുകയുംചെയ്തു. കർത്താവിന്റെ അപ്പസ്തലന്മാർ ഉൾപ്പെടെ ഏകദേശം 120 പേരോളം പരിശുദ്ധാത്മാവിനായി കാത്തിരുന്നു. കാത്തിരുന്നവർ വാഗ്ദത്തനിവർത്തി പ്രാപിച്ചു. പരിശുദ്ധാത്മാവിനാൽ ശക്തീകരിക്കപ്പെട്ടവരും നിയോഗിക്കപ്പെട്ടവരുമായി സുവിശേഷം പ്രസംഗിച്ചു. അവരിലൂടെ രക്ഷിക്കപ്പെട്ടവരും പരിശുദ്ധാത്മാവ് പ്രാപിച്ചവരും സുവിശേഷം പങ്കിട്ട് ആത്മാക്കളെ നേടുന്നവരായി. "പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും യഹൂദ്യയിലെല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും (അപ്പോസ്തല പ്രവർത്തികൾ 1:8) എന്നു കർത്താവ് പറഞ്ഞത് നിവൃത്തിയായി.

പരിശുദ്ധാത്മാവ് സ്വർഗ്ഗത്തിൽ നിന്ന് ഭൂമിയിലേക്ക് വരുവാൻ നാം കാത്തിരിക്കേണ്ടതില്ല. എങ്കിലും പരിശുദ്ധാത്മാവ് നമ്മെ ശക്തീകരിക്കുകയും നിയോഗിച്ചയയ്ക്കുകയും തന്റെ മഹത്വത്തിനായി ഉപയോഗിക്കുകയും ചെയ്യേണ്ടതിന് ദൈവസന്നിധിയിൽ പ്രാർത്ഥനയിൽ ഉറ്റിരിക്കേണ്ടത് വളരെ ആവശ്യമായിരിക്കുന്നു. പുതിയനിയമ ശുശ്രൂഷ ചെയ്യേണ്ടത് പരിശുദ്ധാത്മനിറവിലാണ്. പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിൽ നാം ആയിരിക്കണം. സ്വന്തബുദ്ധിയിലും കഴിവിലും ആശ്രയിക്കാതിരിക്കുവാൻ അതീവജാഗ്രത വേണം. അതുകൊണ്ട് ദൈവത്തിനായി കാത്തിരിക്കുന്ന അനുഭവം നമുക്ക് അത്യാവശ്യമാണ്.

പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിലും നടത്തിപ്പിലും പോകേണ്ട സഭ, ആത്മീയ പ്രവർത്തനങ്ങൾ മാനുഷികബുദ്ധിയിലും കഴിവിലും, പണത്തിന്റെ സ്വാധീനത്തിലും ചെയ്യുന്നു എന്നതാണ് നാം നേരിടുന്ന ഗുരുതരപ്രശ്നം. അതുകൊണ്ട് യാന്ത്രികമായ ആത്മീയ കൂടിവരവുകളും ആത്മീയ പ്രവർത്തനങ്ങളുമായി സഭ അധ:പ്പതിച്ചു. സഭയ്ക്കു ദർശനം നഷ്ടപ്പെട്ടു; ലോകസ്നേഹം മിക്കവരെയും കീഴ്പ്പെടുത്തി. ഇളംതലമുറയ്ക്ക് ആത്മീക മാർഗ്ഗദർശനം കൊടുക്കുവാൻ ആരും ഇല്ലെന്ന സ്ഥിതി സംജാതമായിരിക്കുന്നു. തത്ഫലമായി ഇരുൾ യുവതലമുറയെ മൂടിക്കളഞ്ഞുവോ?

നമ്മെ വഴിനടത്തുന്ന പരിശുദ്ധാത്മാവിനു കീഴ്പ്പെടുന്ന ശരിയായ ആത്മീയതയിലേക്ക് നാം മടങ്ങി വരണം. ക്രിസ്തു നമ്മിൽ കർത്താവായി വാഴട്ടെ. 'എന്നിൽ വിശ്വസിക്കുന്നവരുടെ ഉള്ളിൽ നിന്നും തിരുവെഴുത്ത് പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും. ഈ ദൈവവചനം നമ്മിൽ ഓരോരുത്തരിലും യാഥാർത്ഥ്യമായിരിക്കട്ടെ. പരിശുദ്ധാത്മാവ് സഭകളെ നവീകരിക്കട്ടെ. പൂർണ്ണ ദൈവാശ്രയത്തിൽ നിന്നുള്ള പ്രാർത്ഥനാജീവിതത്തിൽ യഥാസ്ഥാനപ്പെടുവാൻ നമുക്ക് കഴിയട്ടെ. അപ്പോൾ പരിശുദ്ധാത്മപകർച്ച നമ്മുടെ സഭകളിൽ അനുഭവപ്പെടും. നമ്മുടെ യൗവനക്കാർ ദർശനങ്ങൾ ദർശിക്കും. നമ്മുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും. ഇളംതലമുറ കർത്താവിനായി കർമ്മനിരതരായിത്തീരും.

ഈ സന്ദേശം നിങ്ങളുടെ അന്തരാത്മാവിനെ സ്പർശിക്കുന്നുണ്ടോ? നിങ്ങളുടെ മക്കളെ, കൊച്ചുമക്കളെ ആത്മീകതയിൽ ഉത്സുകരായി കാണുവാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നുണ്ടോ? ഉണ്ടെങ്കിലവർക്കായി പ്രാർത്ഥനയിൽ പോരാടുവാനും തയ്യാറാകണം; നമ്മെത്തന്നെ ദൈവസന്നിധിയിൽ താഴ്ത്തി ദൈവം നമ്മെ സന്ദർശിക്കേണ്ടതിനായി കാത്തിരിക്കണം.

അനുതാപവും യഥാസ്ഥാപനവും ദൈവത്തിനായി കാത്തിരിക്കുന്നതിന്റെ ഭാഗങ്ങളാണ്. നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ സംഭവിച്ച പിന്മാറ്റത്തെക്കുറിച്ച് നന്നായി മനസ്സിലാക്കുകയും, തെറ്റ് സമ്മതിച്ച് ദൈവസന്നിധിയിൽ അനുതപിക്കുകയും ചെയ്താൽ മാത്രമേ ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കുകയുള്ളൂ. യഥാർത്ഥ ആത്മികതയിൽ യഥാസ്ഥാനപ്പെട്ട് നാം മുന്നേറുകയും വേണം. അതില്ലാതെയുള്ള ഉപവാസപ്രാർത്ഥനകളും ചെയിൻപ്രയറും പ്രാർത്ഥനാസംഗമങ്ങളും വ്യർത്ഥമാണ്. വലിയ പരസ്യങ്ങൾ കൊടുത്ത് ആളുകളെ കൂട്ടി നമ്മുടെ മാനുഷികപ്രോഗ്രാമുകൾ വിജയിപ്പിക്കാം എന്നല്ലാതെ ആത്മികമായി ഒരു പ്രയോജനവും ഉണ്ടാവുകയില്ല. നാമോ നമ്മുടെ തലമുറകളോ ദൈവത്തെ പ്രസാദിപ്പിക്കുന്നതിൽ വിജയം പ്രാപിക്കില്ല. നാം അനുതപിച്ചു ദൈവസന്നിധിയിൽ യഥാസ്ഥാനപ്പെട്ടേ മതിയാകൂ!

യുവജനങ്ങൾ ആത്മീയ ദർശനം പ്രാപിച്ച് ദൈവവചനത്തിന്റെ പ്രകാശധാരയിൽ സഞ്ചരിക്കുകയും പ്രാർത്ഥനയിലും സുവിശേഷീകരണത്തിലും ഉത്സുകരാവുകയും ചെയ്യുമ്പോഴാണ് സഭ ശക്തമാകുന്നത്. ഈ യാഥാർത്ഥ്യം തിരിച്ചറിയുവാൻ ഓരോരുത്തർക്കും കഴിയട്ടെ. ‘അന്ത്യകാലത്ത് ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും, നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും, നിങ്ങളുടെ യൗവനക്കാർ ദർശനങ്ങൾ ദർശിക്കും എന്നത് ഇന്നും നിലനിൽക്കുന്ന വാഗ്ദത്തമായി സ്വീകരിച്ച് നമുക്ക് നമ്മെയും നമ്മുടെ തലമുറയെയും ദൈവകരങ്ങളിൽ സമർപ്പിച്ച് പ്രാർത്ഥിക്കാം. യുവതലമുറ ദർശനം ഉള്ളവരായി എഴുന്നേൽക്കട്ടെ. •

# തലമുറകളോടു സംസാരിക്കുന്ന സാക്ഷ്യം

**ജീ**വിതകാലം മുഴുവൻ കർത്താവിനെ അനുഗമിക്കുകയും നിസ്വാർത്ഥമായി അധ്വാനിക്കുകയും ചെയ്തിട്ട് ആത്മികതലത്തിലോ ഭൗതികവിഷയങ്ങളിലോ ദൃശ്യമായ ഒരു നേട്ടവും ഉണ്ടായിട്ടില്ല എന്നതിനാൽ ചിന്താകുലപ്പെടുകയും നിരാശപ്പെടുകയും ചെയ്യുന്നവരുണ്ട്. വേദപുസ്തകത്താളുകളിൽ കുറിക്കപ്പെട്ടിട്ടുള്ള പലരും ജീവിതകാലത്ത് വേണ്ടവിധം അംഗീകാരം ലഭിച്ചവരോ അർഹമായവിധം പ്രശംസിക്കപ്പെട്ടവരോ ആയിരുന്നില്ല. എന്നാൽ, “മരിച്ചശേഷവും അവർ വിശ്വാസത്താൽ സംസാരിച്ചുകൊണ്ടിരിക്കുന്നു”(എബ്രായർ11:4). അവരാരും തന്നെ മനുഷ്യരാലുള്ള മാനം ലക്ഷ്യമാക്കി പ്രവർത്തിച്ചവരുമല്ല. ഉള്ളിൽ ജ്വലിച്ച വിശ്വാസത്തിന്റെ വെളിച്ചത്തിൽ നടന്നവരും ഭാവികാലമോർത്ത് ആനന്ദിച്ചവരുമാണവർ.

നമുക്കു മുമ്പേ പോയ എത്രയോ ദൈവദാസന്മാർ പ്രതിഫലേച്ഛ കൂടാതെ അത്യധ്വാനം ചെയ്യുകയും ദൈവസേവയിൽ കാഠിന്യമേറിയ പരിശോധനകളിലൂടെ കടന്നുപോകുകയും ചെയ്തവരാണ്. കഷ്ടതയുടെ കഠിനശോധനയിലൂടെ കടന്നുപോയവർ രചിച്ച ആത്മികഗീതങ്ങളും ചമച്ച പഠനഗ്രന്ഥങ്ങളും ഇന്നും തലമുറകളോടു സംസാരിച്ചുകൊണ്ടിരിക്കുന്നു.

സ്വന്തം മാതാപിതാക്കളുടെ ത്യാഗപൂർണമായ വിശ്വാസജീവിതത്തിനു സാക്ഷ്യം വഹിച്ച മക്കൾതന്നെ മാതാപിതാക്കൾ കൊളുത്തിയ വിശ്വാസദീപത്തിന്റെ കൈത്തിരികളുമേന്തി സുവിശേഷപാതയിൽ വെളിച്ചങ്ങളായിത്തീർന്നതും നാം കണ്ടിട്ടില്ലേ.

ഇവിടെ നേട്ടങ്ങളുടെ പട്ടികയുണ്ടാക്കി അതിൽ നോക്കി അഭിമാനംകൊള്ളുന്നതിനേക്കാൾ, എന്തുനേടി എന്നറിയാതെ കത്തിത്തീരുന്ന ഒരു മെഴുകുതിരിപോലെ സ്വയം ചെറുതായി, ഇല്ലാതാകാൻ കഴിഞ്ഞാൽ അത് എത്രയോപേർക്ക് വെളിച്ചമൊരുക്കും. തലമുറകൾക്കു കൈമാറാൻ കറപുരളാത്ത സാക്ഷ്യജീവിതവും നിത്യതയുടെ പ്രത്യാശയുമാണ് നമുക്കാവശ്യം. •



സാജു മാത്യു

# വഷളന്മാർ വിശുദ്ധന്മാരുടെ വേഷം കെട്ടിയാൽ...

***"... ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തിയെ ത്യജിക്കുന്നവരുമായിരിക്കും. അങ്ങനെയുള്ളവരെ വിട്ടൊഴിയുക" (2 തിമൊഥെയൊസ് 3: 5).***

**അ**ന്ത്യകാലത്ത് മനുഷ്യൻ തിന്മയുടെ ഉപാസകരാകുന്ന ചരിത്രമാണു തിമൊഥെയൊസിനുള്ള പൗലൊസിന്റെ ലേഖനത്തിൽ നിന്ന് നാം കഴിഞ്ഞ ലക്കത്തിൽ പഠിച്ചത്. തിന്മയുടെ ഇരുപത് വകഭേദങ്ങൾ നമ്മുടെ വേദഭാഗത്തു നാം കണ്ടു. ലോകം ഇന്നു തിന്മക്കെതിരെ കണ്ണടയ്ക്കുന്നു എന്ന് മാത്രമല്ല, തിന്മ അംഗീകരിക്കപ്പെടുന്നു എന്നതുമാണ് അന്ത്യകാലത്തു നാം കാണുന്ന ദുര്യോഗം. എന്നാൽ, ലോകത്തിലധികരിക്കുന്ന തിന്മ മാത്രമല്ല നമ്മുടെ വേദഭാഗത്തെ പ്രതിപാദ്യം... ആ തിന്മ, കുറഞ്ഞ അളവിലോ കുറയാത്ത അളവിലോ സഭയിലും കയറിക്കൂടുന്നു എന്നതാണ്. വഷളന്മാരും വിശുദ്ധന്മാരും എല്ലാ കാലയളവിലും ഉണ്ടായിരുന്നു. എന്നാൽ, ഈ അന്ത്യകാലത്ത് വഷളന്മാരും വിശുദ്ധന്മാരുടെ വേഷം കെട്ടിയാടാൻ തുടങ്ങിയിരിക്കുന്നു. ഉള്ളിൽ വിഷമിരിക്കെ അവർ പുറമെ ''ഭക്തിയുടെ വേഷം''അണിയുന്നു(2 തിമൊഥെയൊസ് 3: 5).

ഈ വേഷംകെട്ടൽ ഒരു വലിയ പ്രശ്നം ഉണ്ടാക്കുന്നുണ്ട്. ഉദാഹരണമായി, വളരെ ശാന്തമായി, സൗമ്യമായി സംസാരിക്കുന്ന ഭക്തരായ പലരെയും നിങ്ങൾ കണ്ടിട്ടുണ്ടാകും. എന്നാൽ, കൊടിയ വഞ്ചന മനസ്സിൽ കൊണ്ടുനടക്കുന്നവരിൽ പലരും, അവരെപ്പോലെയോ അതിലധികമോ വിനയം കാണിക്കുന്നതും സൗമ്യമായി സംസാരിക്കുന്നതും ഒറ്റപ്പെട്ട ഒരു കാര്യമല്ല. നമ്മിൽ പലരും ഇതൊക്കെ കണ്ടിട്ടുമുണ്ടാകാം. ആദ്യത്തെ കൂട്ടർക്കു ഭക്തി ജീവനാണ്. രണ്ടാമത്തെ കൂട്ടർക്കു വേഷവും.

ഇവിടെ നാം എങ്ങനെയാണ് ഒരു വിവേചനം നടത്തുക? യഥാർഥ ഭക്തരെയും വേഷംകെട്ടുകാരെയും എങ്ങനെ വേർതിരിച്ചറിയാം? ഒരു മാർഗമേയുള്ളൂ... പുറമെയുള്ള വേഷത്തിനുമപ്പുറത്ത് അവരുടെ സ്വകാര്യതയിൽ അവർക്കു ഭക്തിയുടെ ''ശക്തി''യുണ്ടോ? ഇല്ലെങ്കിൽ അവർ വെറും വേഷംകെട്ടുകാരാണ്. എന്താണു ഭക്തിയുടെ ശക്തി? അത് കൈകൊട്ടിപ്പാട്ടും ഘനഗംഭീരമായ ശബ്ദവുമൊന്നുമല്ല. നമ്മുടെ വേദഭാഗത്ത് തിന്മയുടെ കുറെ രൂപഭാവങ്ങൾ നാം വായിച്ചല്ലോ. ആ തിന്മകളെ ജീവിതത്തിനു പുറത്തു നിർത്താൻ നമുക്ക് വലിയ ശക്തി ആവശ്യമാണ്. ആ ശക്തിയാണ് ഭക്തിയുടെ ശക്തി.

ഭക്തിയുടെ ശക്തി വിശുദ്ധജീവിതമാണ്. ഒരു ഭക്തനു മാത്രമേ ജീവിതത്തിൽ വിശുദ്ധനായി ജീവിക്കാനാകൂ. ഒരു യഥാർഥ ഭക്തനു മാത്രമേ സ്വസ്നേഹത്തെ ഇല്ലായ്മ ചെയ്യാനാവൂ. ഭക്തിയുടെ ശക്തിയില്ലാതെ ഒരാൾക്കു ദ്രവ്യാഗ്രഹിയാകാതിരിക്കാനാവില്ല. അതായത് ഭക്തിയുടെ ശക്തിയില്ലെങ്കിൽ അയാളൊരു ദ്രവ്യാഗ്രഹി ആണെന്നുറപ്പിക്കാം. ഭക്തിയുടെ ശക്തി അനുഭവിച്ചിട്ടില്ലാത്തവർ വമ്പു പറയുന്നവരും അഹങ്കാ

രികളും ദൂഷകരും അമ്മയപ്പന്മാരെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും വാത്സല്യമില്ലാത്തവരും ഇണങ്ങാത്തവരും ഏഷണിക്കാരും അജിതേന്ദ്രിയന്മാരും ഉഗ്രന്മാരും സൽഗുണദ്വേഷികളും ദ്രോഹികളും ധാർഷ്ട്യക്കാരും നിഗളികളും ഭോഗപ്രിയരും ആയിരിക്കും (2 തിമൊഥെയൊസ് 3: 2-4). ഇതിൽ നിന്ന് വിടുതൽ കിട്ടാൻ ഭക്തിയുടെ ശക്തി അത്യന്താപേക്ഷിതമാണ്.

ഈ ഭക്തി ചിലർക്കു മാത്രം ദൈവം കൊടുക്കുന്ന സ്പെഷൽ വരമാണെന്നു കരുതരുത്. ദൈവം തന്നിലാശ്രയിക്കുന്ന ആർക്കും പാപത്തിന്റെ മേൽ ജയം നേടുവാനുള്ള ശക്തി നൽകും. എന്നാൽ, എല്ലാവരും അതു സ്വീകരിക്കണമെന്നില്ല. ഭക്തിയുടെ വേഷംകെട്ടുകാരെപ്പറ്റി ഇവിടെ പറയുന്നത്, അവർ പാപത്തിൽ തുടരുന്നത് അവർക്ക് ഭക്തിയുടെ ശക്തി അപ്രാപ്യമായതുകൊണ്ടല്ല; പ്രത്യുത, അവർ ഭക്തിയുടെ ശക്തിയെ "ത്യജിച്ച"വർ എന്നാണ്. ഒരു കാര്യം നിഷേധിക്കുന്നത് അത് ആവശ്യമില്ലെന്ന് അവർക്കു തോന്നുന്നതുകൊണ്ടാണ്. പാപത്തെ പടിക്കുപുറത്തു നിർത്താനുള്ള ഭക്തിയുടെ ശക്തിയെ ഈ ഭക്തിയുടെ വേഷംകെട്ടുകാർ 'നിഷേധി'ക്കുന്നത് അവർ ''ഭോഗപ്രിയ''രായതുകൊണ്ടാണ്. ദൈവത്തെ സ്നേഹിക്കുന്നതിനെക്കാൾ അവർ സുഖങ്ങളെ സ്നേഹിച്ചു (2 തിമൊഥെയൊസ് 3:4). ഇവിടെ അജ്ഞതയോ ബലഹീനതയോ അല്ല പ്രശ്നം, നിഷേധമാണ്. അവരെ എന്തുചെയ്യണം? ''അങ്ങനെയുള്ളവരെ വിട്ടൊഴിയുക'' (2 തിമൊഥെയൊസ് 3: 5).

ലോകത്തിൽ അധർമം പെരുകുന്നുവെങ്കിലും "അവരെ വിട്ടൊഴിയുക" എന്നതു ലോകത്തിലെ അധർമികളെപ്പറ്റിയല്ല എന്നതു വ്യക്തമാണല്ലോ. അവർ ഇപ്പോൾത്തന്നെ പുറത്താണ്. നമുക്ക് അവരുടെ അധർമവുമായി പങ്കാളിത്തവുമില്ല. എന്നാൽ "അവരെ വിട്ടൊഴിയുക" എന്ന പ്രബോധനം ഇവിടെ സഭയ്ക്കുള്ളിലെ വഷളന്മാരെപ്പറ്റിയാണ്. സഭയ്ക്കുള്ളിൽ ഭക്തിയുടെ വേഷംകെട്ടിയിറങ്ങുന്ന വഷളന്മാരെ ഒഴിവാക്കുക! സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പു പറയുന്നവരും അഹങ്കാരികളും... ദ്രോഹികളും നിഗളികളും ഭോഗപ്രിയരുമായ ഭക്തിവേഷധാരികളെ - അവർ ആരായാലും ഏതു സ്ഥാനത്തുള്ളവരായാലും നാം ഒഴിവാക്കണം. കാരണം, അവർ വഴിതെറ്റിപ്പോയവരല്ല, തെറ്റായ വഴി തിരഞ്ഞെടുത്തവരാണ്.

അവർ തെറ്റായ വഴി തിരഞ്ഞെടുത്തവർ മാത്രമല്ല, വഴിതെറ്റിക്കുന്നവരുമാണ്. അതിനാൽത്തന്നെ അവർ വഞ്ചകരുമാണ്. അവരുടെ ഇരകൾ പലപ്പോഴും ആത്മികരും വിവേചനമുള്ളവരുമല്ല. പ്രത്യുത, എപ്പോഴും പഠിച്ചിട്ടും ഒരിക്കലും സത്യത്തിന്റെ പരിജ്ഞാനം പ്രാപിപ്പാൻ കഴിയാത്ത പെണ്ണുങ്ങൾ ആണ് (2 തിമൊഥെയൊസ് 3:7). ഇവിടെ പെണ്ണുങ്ങൾ എന്ന വാക്ക് പൗലൊസ് ഉപയോഗിച്ചിട്ടുണ്ടെങ്കിലും, അത് എല്ലാ പെണ്ണുങ്ങളെയും കുറിച്ചല്ല. "സത്യത്തിന്റെ പരിജ്ഞാനം പ്രാപിക്കാൻ കഴിയാത്ത പെണ്ണുങ്ങൾ" മാത്രമേ ഈ വകുപ്പിൽ പെടൂ. അക്കൂട്ടത്തിൽ സത്യത്തിന്റെ പരിജ്ഞാനം പ്രാപിക്കാൻ മനസ്സുവെയ്ക്കാത്ത പുരുഷന്മാരും പെടും.

"എപ്പോഴും പഠിച്ചിട്ടും" ഇക്കൂട്ടർക്ക് എന്തുകൊണ്ട് സത്യത്തിന്റെ പരിജ്ഞാനം പ്രാപിക്കാൻ കഴിയുന്നില്ല?(2 തിമൊഥെയൊസ് 3:7). കാരണമുണ്ട്, അവർ നാനാമോഹങ്ങളെ ചുമന്നുകൊണ്ട് നാനാമോഹങ്ങൾക്കും അധീനരായി ഉഴന്നുനടക്കുന്നവരാണ് (2 തിമൊഥെയൊസ് 3:6).

സത്യത്തിന്റെ പരിജ്ഞാനത്തെ പ്രാപിക്കാൻ കഴിയുന്നത് സത്യത്തെ ജീവിതത്തിൽ പകർത്താൻ പരിശ്രമിക്കുന്നവർക്കു മാത്രമാണ്. പാപമോഹങ്ങളുള്ളവർക്ക് സത്യപരിജ്ഞാനം പ്രാപിക്കുക അസാധ്യം. എന്നാൽ രസകരമായ സത്യം, പാപജീവിതം നയിക്കുന്ന വഷളന്മാരായ ഭക്തിവേഷക്കാർക്കു സ്വാധീനിക്കാൻ കഴിയുന്നത് പാപമോഹവുമായി കഴിയുന്ന ആത്മികമായി അജ്ഞരായവരെ മാത്രമാണ്. എങ്കിലും വഞ്ചന സഭയിൽ പടരാനിടയുള്ളതുകൊണ്ട് അവരെ ഒഴിവാക്കുക. ഇനി പ്രത്യക്ഷസഭയെ അവർ തങ്ങളുടെ വഞ്ചനയാൽ കൂടെ നിർത്തിയാൽ അവരിൽനിന്ന് ഒഴിഞ്ഞിരിക്ക.

എന്നാൽ ഭക്തിയുടെ വേഷധാരികളല്ല നമ്മുടെ മാതൃക. അവർ പ്രത്യക്ഷസഭയിൽ-സംഘടനയിൽ ഉന്നതസ്ഥാനീയരായിരിക്കാം; ഔദ്യോഗികരായിരിക്കാം... എന്നാൽ വേഷംകെട്ടുകാരെ നാ മാതൃകയാക്കിയാൽ അവരുടെ വേഷം അഴിഞ്ഞുവീഴുമ്പോൾ നാം എന്തു ചെയ്യും? ''അവർ സത്യത്തോടു മറുത്തു നിൽക്കുന്നു; ഇവർ ദുർബുദ്ധികളും അവിശ്വസ്തരുമാണ്... അവർ അധികം മുഴുക്കുകയില്ല'' (2 തിമൊഥെയൊസ് 3: 8,9).

ശേഷം പേജ് 29▶



ജോർജ് മാത്യു, പുതുപ്പള്ളി

# അസൂയ തായ്‌വേരോടെ പിഴുതെറിയാം...

നമ്മുടെ ഹൃദയത്തിന്റെ ഉള്ളറയിൽ മറഞ്ഞിരിക്കുന്ന മാരകമായ അർബുദമാണ് അസൂയ. ഹിംസാത്മകമായ ഈ ദുഷ്ടശക്തിയാണ് യേശുകർത്താവിനെ കൊലയ്ക്ക് ഏല്പിച്ചുകൊടുക്കുവാൻ യഹൂദാനേതൃത്വത്തെ പ്രേരിപ്പിച്ചത്. അസൂയകൊണ്ടാണ് യേശുവിനെ ഏല്പിച്ചതെന്ന് പീലാത്തോസ് ഗ്രഹിച്ചിരുന്നു (മത്തായി 27:18).

മറ്റുള്ളവർക്ക് തങ്ങളെക്കാൾ അധികമായി എന്തെങ്കിലും ലഭിച്ചു കാണുന്നത് അസൂയാലുക്കളെ അസഹ്യരാക്കുന്നു. ബുദ്ധി, സൗന്ദര്യം, ആരോഗ്യം, വിദ്യാഭ്യാസം, നല്ല ജോലി, സമ്പത്ത്, സിദ്ധികൾ, ജനസമ്മതി, അംഗീകാരം, ഭൗതികനേട്ടങ്ങൾ തുടങ്ങിയവ അസൂയയെ ആളിക്കത്തിക്കുന്നു. വളരെ ആഗ്രഹിക്കുന്ന എന്തെങ്കിലും മറ്റൊരാളുടെ കയ്യിൽ കാണുമ്പോൾ അയാളോട് തോന്നുന്ന ഈർഷ്യ അഥവാ അസഹിഷ്ണുതയാണ് അസൂയ. നിങ്ങൾക്കുള്ളതിൽ കൂടുതലായി എന്തെങ്കിലും മറ്റൊരാളുടെ കൈയ്യിൽ കാണുമ്പോഴും അസൂയ തോന്നാനിടയുണ്ട്. അസൂയയുടെ ഉറവിടം എന്തൊക്കെയൊ ഇല്ലായെന്ന തോന്നലാണ്. അതായതു അസംതൃപ്തിയാണ്. ഉണ്ടെങ്കിൽ തന്നേയും മതിയാവോളമില്ല എന്ന തോന്നൽ. അതുകൊണ്ടാണ് നിങ്ങൾക്കില്ലാത്തതു മറ്റൊരാളുടെ കൈവശം കാണുമ്പോൾ അസൂയ തോന്നുന്നത്.

മറ്റൊരാൾ നല്ല വീട്ടിൽ സുഖമായി താമസിക്കുന്നതുപോലും അസൂയാലുവിന്റെ ഹൃദയത്തിൽ അസ്വസ്ഥത പടർത്തുന്നു. അയൽവാസിയുടെ മകൻ തന്റെ മകനെക്കാൾ മാർക്കു വാങ്ങുമ്പോഴും, അയൽക്കാരിയുടെ മകൾക്ക് തന്റെ മകളെക്കാൾ മികച്ച വിവാഹബന്ധം ലഭിക്കുമ്പോഴും അസൂയയുടെ തോത് കുത്തനെ ഉയരുന്നു. നമുക്കു നിരസിക്കപ്പെട്ടിരിക്കുന്ന ഒരു കാര്യം മറ്റൊരാൾക്കു ദൈവം നൽകുന്ന അവസരങ്ങളിൽ നമുക്കു ഹൃദയവേദന അനുഭവപ്പെടുന്നു. വിഷയം അവിടംകൊണ്ടും തീരുന്നില്ല. ഈ വിഷം നമ്മുടെ ഹൃദയങ്ങളിൽ നിന്നു വാക്കുകളായും പ്രവർത്തികളായും സാവധാനം വെളിയിൽ വരുന്നു.

ചില ആളുകളിൽ അസൂയ വളരെയധികം ഭവിഷ്യത് ഫലങ്ങൾ സൃഷ്ടിക്കുന്നില്ല. സൗഹൃദമില്ലായ്മ, വെറുപ്പ്, ശണ്ഠ തുടങ്ങിയ ദോഷരൂപങ്ങളിലാണ് അവർ അസൂയ പ്രകടിപ്പിക്കുന്നത്. മറ്റുള്ളവരോട് പ്രതികാരം ചെയ്യുന്നതിനും അസൂയ ചിലപ്പോൾ കാരണമാകാറുണ്ട്. മറ്റുള്ളവർക്കു ലഭിക്കുന്ന ബഹുമാനം, ജനസമ്മതി, അംഗീകാരം എന്നിവ നമുക്കു ലഭിക്കാത്തതിനാൽ നാം അവരുടെനേരെ പ്രതികാരത്തിനു പോലും മുതിരുന്നു.

മറ്റുള്ളവരെ തേജോവധം ചെയ്യാൻ അസൂയ നമ്മെ പ്രേരിപ്പിക്കുന്നു. അവരെ താഴ്ത്തിക്കെട്ടുവാനും പൊതുജനശ്രദ്ധയിൽ നിന്ന് അവരെ അകറ്റി നിർത്തുവാനും നാം ശ്രമിക്കുന്നു. ചിലപ്പോൾ നാം അറിയായതെയായിരിക്കാം ഇപ്രകാരം ചെയ്യുന്നത്. അവക്കെതിരെ സമരം ചെയ്യുന്നതിനു നിഷ്പക്ഷവും നീതിപൂർവകവുമായ കാരണങ്ങളുണ്ടെന്നു നാം കണക്കുകൂട്ടുന്നു. നമ്മുടെ അസൂയ നമുക്കു ബോദ്ധ്യപ്പെടുമ്പോൾ അതു നിർദോഷമെന്നു സ്ഥാപിക്കുവാൻ നാം ഉത്സാഹം

കാണിക്കുന്നു. ദൈവം മറ്റുള്ളവർക്കു നൽകുന്ന അനുഗ്രഹങ്ങൾ നമുക്കു ലഭിക്കാത്തതിനാൽ നമ്മോടുതന്നെ നമുക്ക് അനുകമ്പ തോന്നുന്നു. ഇങ്ങനെ നമ്മുടെ അസൂയക്ക് നാം തന്നെ ന്യായീകരണങ്ങൾ കണ്ടുപിടിക്കുന്നു.

നമ്മുടെ ഹൃദയം അസൂയാഭരിതമാണെന്നും ഗുരുതരമായ ദൈവിക ന്യായവിധിക്കു നാം പാത്രീഭൂതരാകുമെന്നും നമ്മുടെ ആത്മീയാന്ധത ഹേതുവായി നാം ഗ്രഹിക്കതെ പോകുന്നു. ദൈവരാജ്യത്തിൽ നിന്നു നമ്മെ നിഷ്കാസനം ചെയ്യുന്ന പാപങ്ങളിലൊന്നാണ് അസൂയയെന്ന് ദൈവവചനം പഠിപ്പിക്കുന്നു (ഗലാത്യർ 5:20). അസൂയ നമ്മുടെ ദൈവരാജ്യപ്രവേശനം തടയുന്നു. വിനാശകരമായ അനുഭവമാണ് അസൂയാലുക്കൾക്ക് ഭാവിയിൽ ലഭിക്കുവാൻ പോകുന്നത്.

യേശുവിനോടൊപ്പം നിത്യതയിൽ ജീവിക്കുവാൻ നാം ആഗ്രഹിക്കുന്നുണ്ടെങ്കിൽ വിഷലിപ്തമായ ഈ പാപം നാം വേരോടെ പിഴുതെറിയണം. ഒരു കാരണവശാലും അസൂയയെ നാം സഹിഷ്ണുതയോടെ വീക്ഷിച്ചുകൂടാ. സകല ദുഷ്ടതയും അസൂയയും നീക്കിക്കളയുവാൻ പത്രൊസ് അപ്പൊസ്തലനും നമ്മെ ഉത്ബോധിപ്പിക്കുന്നു(1 പത്രോസ് 2:1).

അസൂയയെ ഒഴിവാക്കുന്നതിനു നമ്മുടെ എല്ലാ ശ്രമങ്ങളും പൂർണ്ണമായി വിനിയോഗിക്കുക എന്നതാണ് ഏറെ അനിവാര്യമായ കാര്യം. എന്താണ് നാം അതിനായി ചെയ്യേണ്ടത്? ഒന്നാമത് സത്യത്തോടു നാം ആദരവ് പ്രകടിപ്പിക്കണം. നമുക്ക് ഇല്ലാത്തതെന്തെങ്കിലും മറ്റുള്ളവരിൽ കാണുമ്പോഴാണ് അസൂയാലുക്കളാകുന്നത് എന്ന സത്യം നാം അംഗീകരിക്കണം. അസൂയ കലർന്ന ചിന്തകളും വികാരങ്ങളും പാപത്തിന്റെ ഗണത്തിൽപ്പെടുന്നു എന്നു നാം തിരിച്ചറിയണം. ദൈവത്തിന്റെ ന്യായവിധി അവയുടെമേൽ ഉണ്ടാകുമെന്നു നാം ഗ്രഹിക്കണം. അപ്പോൾ നമുക്കു ഭയം ഉണ്ടാകുകയും അസൂയയെ വെറുക്കുകയും, അസൂയയുടെ വേര് കാട്ടിത്തരുന്നതിനു ദൈവത്തെ അനുവദിക്കുകയും ചെയ്യും. സ്വാർത്ഥതയും ഭൗതികവും ആത്മീയനേട്ടങ്ങളിലുള്ള ആസക്തിയുമായിരിക്കും സാധാരണമായി അസൂയയുടെ വേര്.

അസൂയയുടെ രണ്ടാമത്തെ വേര് ദൈവത്തിലുള്ള നമ്മുടെ വിശ്വാസമില്ലായ്മയാണ്. കഴിവുകളും താലന്തുകളും നൽകുന്ന കാര്യത്തിൽ ദൈവം നമ്മോട് നീതി പുലർത്തിയില്ല എന്ന ഭാവത്തിൽ നാം നമ്മെ മറ്റുള്ളവരുമായി താരതമ്യപ്പെടുത്തുന്നു. ഇവിടെ ആവശ്യമായിരിക്കുന്നത് മാത്സര്യം നിറഞ്ഞ നമ്മുടെ സംശയബുദ്ധി ഒഴിവാക്കുക എന്നതാണ്. ദൈവം സ്നേഹമായിരിക്കുന്നതിനാൽ നമുക്ക് ഏറ്റവും നന്മയായിട്ടുള്ളതെല്ലാം അവിടുന്ന് നൽകുമെന്ന് നാം വിശ്വസിക്കണം. ഇതിനെക്കാൾ ഉത്കൃഷ്ടമായ ഏതെങ്കിലും മാർഗം ഉണ്ടായിരുന്നുവെങ്കിൽ ദൈവം നമുക്കായി ആ മാർഗം തിരഞ്ഞെടുക്കുമായിരുന്നു എന്നും വിശ്വസിക്കണം.

കർത്താവ് നമ്മെ നടത്തുന്നത് ഏതു വിധത്തിലായാലും, നാം ആഗ്രഹിക്കുന്ന കാര്യങ്ങൾ നമുക്കു ലഭിക്കുകയോ ലഭിക്കാതിരിക്കുകയോ ചെയ്താലും, സ്നേഹവാനായ പിതാവിന്റെ കരങ്ങളിൽ നിന്നാണ് അതെല്ലാം വരുന്നത്. അതെല്ലാം ഏറ്റവും ഉത്തമമായിട്ടുള്ളതാണെന്ന് നാം ഉറപ്പായി വിശ്വസിച്ചു ബോധ്യപ്പെടണം. മറ്റുള്ളവർക്കു വളരെ ക്ളേശമുണ്ടാക്കുന്ന കാര്യത്തിനായിരിക്കും ഒരുപക്ഷെ നാം അവരോടു അസൂയപ്പെടുന്നത്.

അസൂയയുടെ മൂന്നാമത്തെ വേര് കൃതഘ്നത അഥവാ നന്ദിയില്ലായ്മയാണ്. ലഭിക്കുന്ന എല്ലാ അനുഗ്രഹങ്ങൾക്കായും നാം ദൈവത്തിനു സ്തോത്രം ചെയ്യണം. അപ്പോൾ നമ്മുടെ ഹൃദയങ്ങളിൽ നന്ദിയുടെ കവിഞ്ഞൊഴുകുന്ന ഉറവുകൾ തുറക്കപ്പെടും.. പിന്നെ അസൂയക്ക് അവസരം ലഭിക്കില്ല. മറ്റുള്ളവർക്കു ലഭിക്കുന്ന നന്മകൾക്കും അനുഗ്രഹങ്ങൾക്കും കൂടി നാം സ്തോത്രം ചെയ്തു തുടങ്ങുമെങ്കിൽ അസൂയാവിഷം താനേ അപ്രസക്തമാവുകയും തുടർന്ന് ഇല്ലാതാവുകയും ചെയ്യും.

എന്തു വിലകൊടുത്തും നമ്മെ അസൂയയിൽ നിന്നു വിടുവിക്കുവാൻ യേശുകർത്താവ് ആഗ്രഹിക്കുന്നു. നാം അതിനായി നമ്മെത്തന്നെ സമർപ്പിച്ചു ആദ്യചുവട് വയ്ക്കണമെന്നു മാത്രം. അസൂയ നിറഞ്ഞ നമ്മുടെ ചിന്തകൾ നാം യേശുവിനു സമർപ്പിക്കുക. നമ്മുടെ ബന്ധനങ്ങളെ തകർക്കുവാനാണ് യേശു വന്നത്. മറ്റുള്ളവരുടെ നന്മയിൽ ഹൃദയപൂർവം സന്തോഷിക്കുവാൻ യേശു നമ്മെ സഹായിക്കും. അസൂയയുടെ അടിവേര് പിഴുതെറിയപ്പെടുന്നതോടെ നാം സൗഭാഗ്യമുള്ളവരായി മാറും. ദൈവരാജ്യത്തിന്റെ സന്തോഷവും സമാധാനവും നാം ഇവിടെ രുചിച്ചു തുടങ്ങുകയും ഒടുവിൽ നിത്യതയിൽ എത്തിച്ചേരുകയും ചെയ്യും. •



ചെയ്സ് ജോസഫ്

# പ്രായോഗികമായ ആരാധന

**ക**ഴിഞ്ഞ ലക്കത്തിൽ നാം കണ്ടത് കൃപാവരങ്ങൾ എങ്ങനെയാണു ഒരു സഭയിൽ കർത്താവിനെ മഹത്വപ്പെടുത്താനുള്ള മാർഗമായി വരുന്നത് എന്നാണല്ലോ. ഓരോരുത്തരും അവർക്കു കിട്ടിയ കൃപാവരങ്ങളിൽ ശുശ്രൂഷിക്കുകയും മറ്റുള്ളവരിലുള്ള കൃപാവരങ്ങളെ ബഹുമാനിക്കുകയും അവരെ ശ്രേഷ്ഠർ എന്ന് എണ്ണുകയും ചെയ്യുമ്പോൾ വ്യക്തികൾ അല്ല ഉയരുന്നത്, ഓരോരുത്തർക്കും തന്റെ ഇഷ്ടത്താൽ വരങ്ങളെ നൽകിയ ദൈവത്തെ ആണ് ഉയർത്തുന്നത്. മനുഷ്യരിൽ കാണുന്ന കൃപാവരങ്ങൾ അവരുടെ സ്വന്തമല്ല എന്നുള്ളതിനാൽത്തന്നെ അവർ ഒരു പുകഴ്ചയ്ക്കും യോഗ്യരല്ല. ഇത് മറ്റുള്ളവർ മനസ്സിലാക്കുന്നതിനു മുമ്പേ കൃപാവരങ്ങളെ വിനിയോഗിക്കുന്നവർ മനസ്സിലാക്കേണ്ടതാണ്. ഒരു കൃപാവരം ഒരാളിൽ കാണുമ്പോൾ അയാളെ അതിരുവിട്ടു ഉയർത്തുന്നതും ആ വരങ്ങളെ നൽകിയ ദൈവത്തെ മറന്നുകളയുന്നതും സ്വാഭാവികമാണ്. നാം സേവിക്കുന്നത് എത്രവലിയ ദൈവത്തെ ആണ് എന്നുള്ളതിന്റെ ഒരു നിദർശനമാണ് നാം അനുഭവിക്കുന്ന കൃപാദാനങ്ങൾ.

**മനുഷ്യരിൽ കാണുന്ന കൃപാവരങ്ങൾ അവരുടെ സ്വന്തമല്ല എന്നുള്ളതിനാൽ തന്നെ അവർ ഒരു പുകഴ്ചയ്ക്കും യോഗ്യരല്ല. ഇത് മറ്റുള്ളവർ മനസ്സിലാക്കുന്നതിനു മുമ്പേ കൃപാവരങ്ങളെ വിനിയോഗിക്കുന്നവർ മനസ്സിലാക്കേണ്ടതാണ്.**

ഇന്ന് ഏറ്റവും അധികം പുകഴ്ത്തപ്പെടുന്ന കൃപാവരങ്ങളിൽ ഒന്നാണ് സഹായിക്കാൻ ഉള്ള വരം. ദൈവവേലയ്ക്കായി അല്ലെങ്കിൽ മറ്റു ആവശ്യങ്ങൾക്കായി പണം വളരെ അധികം വാരിക്കോരി നല്കുന്നവരെ നിങ്ങൾ കണ്ടിട്ടുണ്ടാവാം. ഒരു മടിയും കൂടാതെ നൽകുവാൻ അവർക്കു കഴിയുന്നത് എങ്ങനെയാണ്? അവിടെയും മഹത്വം ദൈവത്തിനു കരേറ്റപ്പെടുന്നത്, ആ മനുഷ്യന്റെ നന്മ അല്ല, പ്രത്യുത അത് ദൈവത്തിന്റെ പ്രവൃത്തി ആണെന്ന് ഉള്ളിൽ ബോധ്യം ഉണ്ടാവുമ്പോൾ ആണ്. അപ്പോൾ ഓരോ മനുഷ്യരിലും വെളിപ്പെടുന്ന ദൈവകൃപയെ ഓർത്തു മനുഷ്യരെ പുകഴ്ത്താതെ ദൈവത്തെ മഹത്വപ്പെടുത്തുവാൻ കഴിയും.

ഇന്ന് കൃപാവരങ്ങൾ പലതും മനുഷ്യരെ വലിയ പുകഴ്ചയിലേക്കും അഭിവൃദ്ധിയിലേക്കും മറ്റു വിശുദ്ധരുടെ മേലുള്ള അവകാശങ്ങളിലേക്കും അധികാരങ്ങളിലേക്കും നയിക്കുന്ന ദയനീയമായ, അനാത്മീയമായ സ്ഥിതിവിശേഷം ആണ് നിലനിൽക്കുന്നത്. അതുകൊണ്ട് ഇന്ന് വേദികളിൽ ദൈവം അല്ല ഉയർത്തപ്പെടുന്നത്, പിന്നെയോ മ്ലേച്ഛനായ മനുഷ്യൻ ആണ്. ക്രിസ്തു എന്ന ഏകശിരസ്സിനു കീഴിൽ ഓരോ അവയവവും അതിനു ലഭിച്ച കൃപയ്ക്കു ഒത്തവണ്ണം സ്വയം മഹത്വം എടുക്കാതെ, മഹത്വം സ്വീകരിക്കാതെ, തലയെ ഉയർത്തുമ്പോൾ ആണ് ദൈവം മഹത്വപ്പെടുന്നത്. ദൈവത്തെ

നമ്മുടെ സ്വഭാവം കൊണ്ട് എങ്ങനെ ആണ് മഹത്വപ്പെടുത്തുന്നത്?

റോമാലേഖനത്തിൽ ഇനി ഉള്ള ഭാഗങ്ങൾ പ്രധാനമായും ഫോക്കസ് ചെയ്യുന്നത് നമ്മുടെ സ്വഭാവം, ദൈവത്തെ എങ്ങനെ മഹത്വപ്പെടുത്തും എന്നതാണ്. സാധാരണ ഗതിയിൽ ഒരാൾ നല്ല പ്രവൃത്തികൾ ചെയ്യുമ്പോൾ അത് അയാൾക്ക് തന്നെ ആണല്ലോ മഹത്വമായി മാറുന്നത്. ഒരു പക്ഷെ കൃപാവരങ്ങൾക്കായി നാം ദൈവത്തെ മഹത്വപ്പെടുത്തിയാലും കൃപാവരത്തിന്റെ മഹത്വം ആ ആൾക്ക് തന്നെ ആണ് സാധാരണ ലഭിക്കുന്നത്. ഇവിടുത്തെ ചോദ്യം, എങ്ങനെ ആണ് നമ്മുടെ സ്വഭാവം മനുഷ്യരുടെ പരിമിതികൾ കടന്നു ദൈവീകമായി മാറുന്നത് എന്നാണ്?

ഒന്ന്, നമ്മുടെ പരിമിതികളും പാപസ്വാഭാവവും നമ്മൾ തിരിച്ചറിയുകയും ദൈവത്തെ അനുസരിക്കുവാൻ നമ്മൾ അശക്തർ എന്ന് മനസ്സിലാക്കുകയും ചെയ്യുക എന്നതാണ്. നമുക്ക് സ്വയം മഹത്വം സ്വീകരിക്കാൻ കഴിയാത്ത വിധം നാം നുറുക്കപ്പെട്ടവർ ആയിരിക്കണം. ഈ ഹൃദയനുറുക്കം ആരാധനയുടെ ഏറ്റവും പ്രധാന ഭാഗമാണ്. നമ്മെ ആളുകൾ പുകഴ്ത്തുമ്പോൾ അതിനു പകരം നിന്ദ സ്വീകരിക്കുവാൻ നമ്മുടെ ഉള്ളം തയാറാവണം. ഇത് ശരിക്കും എല്ലാ മഹത്വവും ദൈവത്തിനു കരേറ്റുക എന്ന ബുദ്ധിപരമായ ആരാധനയിൽ ഉൾക്കൊള്ളുന്ന യാഗം ആണ്. നമ്മുടെ ശരീരയാഗങ്ങൾ നമ്മുടെ വികാരങ്ങളുടെ യാഗമാണ്. എനിക്ക് എന്നിൽത്തന്നെയുള്ള ആസക്തികൾ ഇല്ലാതാവുന്ന യാഗം.

രണ്ടാമതായി, ക്രിസ്തുവിന്റേത് മാത്രമായ ഒരു നീതിക്കായുള്ള ദാഹം മഹത്വം പൂർണ്ണമായും ദൈവത്തിനു കരേറ്റുന്നു. അത് എന്റേതല്ല, അതുകൊണ്ട് തന്നെ മഹത്വത്തിന് യാതൊരു കാരണവുമില്ല. അത് പ്രവൃത്തികളാൽ വരുന്നതുമല്ല. അതുകൊണ്ടുതന്നെ ആരും അയാളെ പുകഴ്ത്തേണ്ടതില്ല. വിശ്വാസത്താൽ വരുന്ന ഒരു നീതിയുടെ പൂർണ്ണമായ അവകാശം ദൈവത്തിനു തന്നെയാണ്. കാരണം ആ വിശ്വാസം നമ്മിൽ ആരംഭിക്കുന്നത് തന്നെ ദൈവമാണ്.

ഈ രണ്ടു അടിസ്ഥാന വിശ്വാസകാര്യങ്ങൾ നാം റോമാലേഖനത്തിൽ ഇതിനു മുൻപുള്ള അധ്യായങ്ങളിൽ വിശദമായി കണ്ടതാണ്. റോമാലേഖനത്തെ അത്യുജ്ജ്വലമാക്കുന്നത് ഈ ദൈവീക നീതിയുടെ വെളിപ്പെടുത്തലാണ്. എന്നാൽ ഇത് എങ്ങനെയാണു പകർത്തപ്പെടുന്നത്?

**നമുക്ക് സ്വയം മഹത്വം സ്വീകരിക്കാൻ കഴിയാത്ത വിധം നാം നുറുക്കപ്പെട്ടവർ ആയിരിക്കണം. ഈ ഹൃദയനുറുക്കം ആരാധനയുടെ ഏറ്റവും പ്രധാന ഭാഗമാണ്. നമ്മെ ആളുകൾ പുകഴ്ത്തുമ്പോൾ അതിനു പകരം നിന്ദ സ്വീകരിക്കുവാൻ നമ്മുടെ ഉള്ളം തയാറാവണം.**

വെളിപ്പെടുത്തപ്പെടുന്നത്? അതാണ് സ്നേഹം എന്ന ആവരണം, ദൈവത്തിനു മാത്രം നമ്മിൽ സൃഷ്ടിക്കാൻ കഴിയുന്ന, ദൈവത്തിനു മാത്രം അവകാശമുള്ള ഒരു വികാരമാണ് സ്നേഹം. അത് ഒരു മനുഷ്യനിൽ കാണുന്നത് ദൈവത്തിനു പൂർണ്ണമഹത്വത്തിനു കാരണമാണ്. ദൈവീകഗുണങ്ങളെയും മനുഷ്യഗുണങ്ങളെയും വേർതിരിക്കുന്നത് സ്നേഹം എന്ന വികാരമാണ്. അത് ഒരു സ്വഭാവമായി നമ്മിൽ രൂപപ്പെടുന്നത് ദൈവത്തിന്റെ ആത്മാവ് നമ്മിൽ പ്രവർത്തിക്കുന്നു എന്നതിന്റെ അടയാളമാണ്.

എന്നെ അത്ഭുതപ്പെടുത്തിയ കാര്യം ക്രിസ്തുവിനു മുൻപുള്ള ചരിത്രത്തിൽ ഒരിടത്തും സ്നേഹം ആഘോഷിക്കപ്പെടുകയോ പരാമർശിക്കപ്പെടുകയോ ചെയ്യുന്നില്ല എന്നതാണ്. അതൊരു വിഷയമായി മനുഷ്യചരിത്രത്തിൽ വരുന്നതും, ദരിദ്രരോടുള്ള ചാരിറ്റി എന്ന മനോഭാവം വ്യാപകമാവുന്നതും ക്രിസ്തുവിനു ശേഷം മാത്രമാണ്. തത്വചിന്താപരമായി ദു:ഖത്തെ പലരും അംഗീകരിച്ചിട്ടുണ്ട്. എങ്കിലും അതിനു സ്നേഹത്തിന്റെ ആവരണം നല്കാൻ കഴിയുകയില്ല. പൗലോസ് പറയുന്നു; നമ്മുടെ സ്നേഹം നിർവ്യാജം ആയിരിക്കട്ടെ. അത് ആത്മാവിന്റെ ഫലം ആണ്.

ഈ സ്നേഹത്തിന്റെ പ്രായോഗിക വളർച്ച ഒരു മനുഷ്യനെ എങ്ങനെ രൂപാന്തരപ്പെടുത്തും എന്ന വിഷയമാണ് തുടർന്നുള്ള വാക്യങ്ങളിൽ നാം കാണുന്നത്. അതുകൊണ്ട് ദൈവത്തിനു മാത്രമേ നമ്മുടെ ഉള്ളിൽ പൂർണ്ണമായ ആരാധന ഉളവാക്കുവാൻ സാധിക്കുകയുള്ളു. ഒരാൾ ദൈവത്തെ സത്യത്തിലും ആത്മാവിലും ആരാധിക്കുന്നു എങ്കിൽ അതിനു കാരണഭൂതൻ ദൈവം മാത്രമാണ്.

എന്തൊക്കെയാണ് ഈ ആരാധനയുടെ പ്രത്യക്ഷ അടയാളങ്ങൾ? ആചാരപരമായ ആരാധന എന്നതിനേക്കാളും ബുദ്ധിപരമായ ആരാധന ആണ് ദൈവം തന്റെ മക്കളിൽ നിന്ന് പ്രതീക്ഷിക്കുന്നതും ആഗ്രഹിക്കുന്നതും. വീണ്ടെടുപ്പ് തന്നെ ശരിയായ ആരാധന ഉളവാകുന്നതിനു വേണ്ടി ആണ്. പൗലോസ് ആചാരപരമല്ലാത്ത ആരാധനയെ വ്യക്തമാക്കുന്നത്, സ്നേഹത്തിൽ ഉളവാകുന്ന മനുഷ്യബന്ധങ്ങൾ സ്ഥാപിക്കപ്പെടുന്നതിലൂടെ ആണ്.

സ്ഥായിയായ ഒരു സഹോദരപ്രീതി എന്നത് സ്വഭാവവൽക്കരണത്തിലൂടെ മാത്രം ലഭിക്കുന്നതാണ്. മാനുഷികമായതു മാറിക്കൊണ്ടിരിക്കും. എന്നാൽ സ്നേഹത്തിൽ പൊതിഞ്ഞ എല്ലാ ഗുണങ്ങളും സ്ഥായിയായതും സാഹചര്യങ്ങൾക്കൊത്തു മാറാത്തതും ആണ്.

അതുപോലെ തന്നെയാണ് അതിഥി സൽക്കാരത്തെക്കുറിച്ച് ഈ വാക്യങ്ങളിൽ പറയുന്നത്. ഇതെല്ലം വളരെ ലളിതം എന്ന് തോന്നും എങ്കിലും, അത് ക്രിസ്തുവിന്റെ പരിജ്ഞാനത്തിൽ മനുഷ്യന്റെ പരിധികൾക്കു അപ്പുറത്തേയ്ക്ക് പോകുന്നു. അതിഥികളെ നല്ലതു പോലെ സൽക്കരിച്ചു ശുശ്രൂഷിക്കുന്ന അനേകരെ നിങ്ങൾ കണ്ടിട്ടുണ്ടാവും. പക്ഷെ, ഒന്ന് സൂക്ഷിച്ചുനോക്കിയാൽ അതു തികച്ചും മാനുഷികമായ ഒരു കാര്യമായിരിക്കും. അവർ എങ്ങനെ ഉള്ളവരെ ആണ് ശുശ്രൂഷിക്കുന്നത്. സഹോദരന്മാരെ, പാസ്റ്റർമാരെ, അതുപോലെ ഉന്നതരായാവരെ ശുശ്രൂഷിക്കുമ്പോൾ നിങ്ങൾക്ക് ലഭിക്കുന്ന ഒരു സന്തോഷം എളിയ ഒരാളെ ശുശ്രൂഷിക്കുമ്പോൾ ഉണ്ടാവുന്നുണ്ടോ? ഇല്ലെങ്കിൽ നിങ്ങൾക്ക് കൃപാവരം ഒന്നുമില്ല, അതു തികച്ചും മാനുഷികമാണ്. യഥാർത്ഥ അതിഥിസൽക്കാരം മാറിപ്പോകാത്ത ഒരു സ്വഭാവമാണ്. അത് ആര് ആണ് സത്കരിക്കപ്പെടുന്നത് എന്നണുള്ളത് അല്ല, ഉള്ളിൽ നിന്ന് ഉണ്ടാവുന്ന ആത്മപ്രേരണ ആണ്. അതുപോലെ തന്നെയാണ് മനുഷ്യർ ദൈവത്തെ അനുകരിക്കാൻ ശ്രമിച്ചു ഉണ്ടാക്കിയെടുക്കുന്ന പല നന്മ സ്വഭാവങ്ങളും. അത് എല്ലാവരിലും എത്തില്ല, എല്ലാ സാഹചര്യത്തിലും ഉണ്ടാവുകയുമില്ല.

ഇനി ശത്രുക്കളെ സ്നേഹിക്കുക എന്ന കല്പനയെ നോക്കാം. എങ്ങനെയാണു ഒരു മനുഷ്യൻ സ്വാഭാവികമായി ശത്രുക്കളെ നോക്കിക്കാണുന്നത്. ശത്രുവിനോടുള്ള മനോഭാവം എങ്ങനെ മാറ്റുവാൻ ശ്രമിച്ചാലും അവനു അഭിനയിക്കാൻ മാത്രമേ പറ്റുകയുള്ളു. യഥാർത്ഥസ്നേഹം ആത്മാവിൽ നിന്ന് ആത്മഫലമായി മാത്രമേ വരികയുള്ളു.

അതായതു ക്രിസ്തുവിന്റെ സ്നേഹത്താൽ നാം നിയന്ത്രിക്കപ്പെടുമ്പോൾ മനുഷ്യന്റെ നീതിയെ കവിയുന്ന, സ്വന്തജഡത്തിന്റെ അവകാശവാദങ്ങളെ ത്യജിക്കുന്ന, ദൈവത്തെ മാത്രം മഹത്വപ്പെടുത്തുന്ന ഒരു സ്വഭാവം നമ്മിൽ വെളിപ്പെടുവാൻ ഇടയായിത്തീരും. ഇങ്ങനെയാണ് മനുഷ്യന്റെ നീതി, പരീശന്റെയും ശാസ്ത്രിയുടെയും നീതിയെ കവിയുന്നത്. ഗിരിപ്രഭാഷണത്തിൽ നാം കാണുന്ന ആ നീതിയുടെ വ്യവസ്ഥ സ്നേഹത്താൽ മാത്രം സ്ഥാപിക്കപ്പെടുന്നതാണ്.

നമ്മുടെ ജീവിതത്തിൽ നടക്കുന്ന കാര്യങ്ങളോട് നാം പ്രതികരിക്കാതെ ദൈവത്തിനു ഇടപെടാൻ അവസരം കൊടുക്കുന്നതും ആരാധനയുടെ ഒരു ഭാഗമാണ്. ദൈവമേ, എനിക്ക് എന്തറിയാം? ഞാൻ ശ്രമിച്ചാലും തോൽക്കുകയെ ഉള്ളു. അതുകൊണ്ട് എല്ലാം ഞാൻ അങ്ങയുടെ കരങ്ങളിൽ സമർപ്പിച്ചു കൊണ്ട്, അങ്ങ് എന്നിൽ പ്രവർത്തിക്കുന്നതിനായി കാത്തിരിക്കുന്നു എന്ന് ഒരാൾ പറയുമ്പോൾ ദൈവത്തിന്റെ നീതിയെയും സ്നേഹത്തെയും കരുതലിന്റെയും എല്ലാം പുകഴ്ചയാണ് സംഭവിക്കുന്നത്. നാം നമ്മെത്തന്നെ നല്ലവരാക്കി എടുക്കുന്ന ഒരു പരിപാടി അല്ല രക്ഷ. അങ്ങനെ ഒരിക്കലും ഒരു മനുഷ്യനും ദൈവത്തിന്റെ നീതിയിൽ എത്തിച്ചേരുവാൻ കഴിയുകയില്ല എന്ന് ഇതിനകം വ്യക്തമാണല്ലോ.

ഇന്ന് പലപ്പോഴും മനുഷ്യർ ആരാധന എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് കുറച്ചുനേരത്തേക്ക് ഒരു ഉന്മാദത്തിൽ ആകുന്നതിനെയാണ്. ഉന്മാദം ശരിയുമാകാം തെറ്റുമാകാം. പക്ഷെ ആരാധന ഇതിനൊക്കെ അപ്പുറമാണ്. ആത്മാവിൽ നാം ആരാധിക്കുന്നുവെങ്കിൽ നാം സത്യത്തിൽ നിന്ന് മാറുകയില്ല. അതുകൊണ്ട് ബുദ്ധിയോടെ ദൈവത്തെ ആരാധിക്കുമ്പോൾ അത് വ്യർത്ഥമായ അധരവ്യായാമമോ ഉന്മാദത്തിന്റെ സ്ഫോടനമോ അല്ല, നമ്മുടെ ജീവിതത്തിലൂടെ ദൈവം നേടി എടുക്കുന്ന ദൈവീകസ്വഭാവത്തിന്റെ പ്രകടനമാണ്.

ഈ ആത്മീകസത്യം നാം മനസിലാക്കുക എന്നതാണ് റോമാലേഖനത്തിന്റെ പ്രധാന ലക്ഷ്യം. പഴയനിയമത്തിൽ മാർമികമായും ക്രിസ്തുവിലൂടെ വ്യക്തമായും നമുക്ക് വെളിപ്പെടുകയും

ശേഷംപേജ് 18▶



**വാച്ച്മാൻ നീ**

# പരിശുദ്ധാത്മാവ് അനുഭവമാകണമെങ്കിൽ...

പരിശുദ്ധാത്മാവിലൂടെ നമുക്ക് നൽകപ്പെട്ട ദൈവസ്നേഹം നമ്മുടെ ഹൃദയങ്ങളിൽ സമൃദ്ധിയായി പകർന്നിരിക്കുന്നു (റോമർ 5:5). ഫലപ്രദമായ ജീവിതത്തിന്റെയും ശുശ്രൂഷയുടെയും സുപ്രധാന ശക്തി പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാവിന്റെ വ്യക്തിപരമായ സാന്നിധ്യത്തെയും ശുശ്രൂഷയെയും കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത്. ദൈവത്തിന്റെ ദാനങ്ങൾ ഒന്നും യാദൃച്ഛികമായി ലഭിക്കുന്നതല്ല. അത് എല്ലാവർക്കും സൗജന്യമായി നൽകപ്പെടുന്നു, പക്ഷേ അത് ഒരു നിശ്ചിത മാനദണ്ഡത്തിലാണ് നൽകുന്നത്. സ്വർഗ്ഗത്തിലെ സകല ആത്മീയ അനുഗ്രഹങ്ങളാലും ദൈവം ക്രിസ്തുവിൽ നമ്മെ അനുഗ്രഹിച്ചിരിക്കുന്നു (എഫെസ്യർ 1:3). എന്നാൽ ക്രിസ്തുവിൽ നമുക്കുള്ള അനുഗ്രഹങ്ങൾ അനുഭവത്തിൽ നമ്മുടേതായി മാറണമെങ്കിൽ നാം എന്ത് ചെയ്യണമെന്ന് അറിഞ്ഞിരിക്കണം.

ആത്മാവ് ദാനങ്ങൾ നമ്മിൽ പകരുന്നു, നമ്മിൽ വസിക്കുന്നു, ഇങ്ങനെ രണ്ടു നിലയിൽ ഇക്കാര്യം ചിന്തിക്കാവുന്നതാണ്. അതായത് പരിശുദ്ധാത്മാവിന്റെ ദാനം എന്തടിസ്ഥാനത്തിലാണ് നമ്മിൽ പ്രാവർത്തികമാകുന്നത് എന്നു മനസ്സിലാക്കുകയാണ് നാം ഇപ്പോൾ. പരിശുദ്ധാത്മപ്രവർത്തനത്തിൽ ദൃശ്യവും അദൃശ്യവും ആയ രണ്ടു ഭാഗങ്ങൾ ഉണ്ട്. പരിശുദ്ധാത്മാവിന്റെ ദൃശ്യവും അദൃശ്യവുമായ പ്രവർത്തനങ്ങൾ രണ്ടും ഒരുപോലെ വിലപ്പെട്ടതാണ്. ഉദാഹരണത്തിന് രോഗസൗഖ്യമോ ഭൂതങ്ങൾ വിട്ടുപോകുന്നതോ ഇങ്ങനെയുള്ളതാണ് ദൃശ്യമായ പ്രവൃത്തി. ക്രിസ്തുവിനോട് അനുരൂപപ്പെടുന്നതാണ് അദൃശ്യമായ പ്രവൃത്തി. അതായതു സ്വഭാവ രൂപാന്തരം.

**പരിശുദ്ധാത്മ പ്രവർത്തനത്തിൽ ദൃശ്യവും അദൃശ്യവും ആയ രണ്ടു ഭാഗങ്ങൾ ഉണ്ട്. പരിശുദ്ധാത്മാവിന്റെ ദൃശ്യവും അദൃശ്യവുമായ പ്രവർത്തനങ്ങൾ രണ്ടും ഒരുപോലെ വിലപ്പെട്ടതാണ്.**

പഴയനിയമകാലത്ത് തിരഞ്ഞെടുക്കപ്പെട്ട ചിലർക്കു മാത്രം ലഭിച്ച ദാനമായിരുന്നു പരിശുദ്ധാത്മാവ്. പ്രധാനമായും പുരോഹിതന്മാർക്കും ന്യായാധിപന്മാർക്കും രാജാക്കന്മാർക്കും പ്രവാചകന്മാർക്കും.എന്നാൽ പുതയനിയമസഭയിൽ പരിശുദ്ധാത്മ പകർച്ചയാൽ ഓരോരുത്തരും രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആയിത്തീരുന്നു. ദൈവത്തിന്റെ സ്നേഹിതനായ അബ്രഹാമിലും രാജാവായ ദാവീദിലും ഏലിയാ പ്രവാചകനിലും ആവസിച്ച അതേ ആത്മാവ് നമ്മുടെ മേലും ആവസിക്കുന്നു. പകരപ്പെട്ട പരിശുദ്ധാത്മദാനം സ്വീകരി

ക്കുന്നതിലൂടെ, പഴയനിയമ കാലത്തു ദൈവം തിരഞ്ഞെടുത്ത ദാസന്മാരുടെ നിരയിൽ നാമും ചേരുന്നു. എന്നാൽ, ഞാൻ നിങ്ങളോടു സത്യം പറയട്ടെ: നിങ്ങളുടെ നന്മയ്ക്കുവേണ്ടിയാണു ഞാൻ പോകുന്നത്. ഞാൻ പോകാതിരുന്നാൽ ആശ്വാസദായകൻ നിങ്ങളുടെ അടുക്കൽ വരികയില്ല; ഞാൻ പോയാലോ, അദ്ദേഹത്തെ നിങ്ങളുടെ അടുത്തേക്കയയ്ക്കും (യോഹന്നാൻ 16:7) ഈ ദൈവികവാഗ്ദാനത്തിന്റെ മൂല്യം തിരിച്ചറിയുകയും അതിന്റെ ആവശ്യം ആഴത്തിൽ മനസ്സിലാക്കുകയും ചെയ്തു കഴിഞ്ഞാൽ, നാമോരുരുത്തരും ദൈവത്തോട് പരിശുദ്ധാത്മാവിനെ ചോദിച്ചു വാങ്ങും.

ആത്മീയവരങ്ങളാൽ നമ്മെ സജ്ജരാക്കി സമൂഹത്തെയും സഭയെയും ശുശ്രൂഷിക്കുവാനും, നമ്മെ ശക്തിപ്പെടുത്തുവാനും കഴിയുന്ന പരിശുദ്ധാത്മാവിനെ എങ്ങനെ സ്വീകരിക്കാൻ കഴിയും? എന്തിന്റെ അടിസ്ഥാനത്തിലാണ് ആത്മാവ് നൽകപ്പെട്ടിരിക്കുന്നത്? കർത്താവായ യേശു തന്റെ ജനത്തിന്റെമേൽ ആദ്യമായി ആത്മാവിനെ പകർന്നതിന്റെ അടിസ്ഥാനം എന്തായിരുന്നു? അത് യേശുവിന്റെ സ്വർഗ്ഗാരോഹണത്തിൽക്കൂടി ആയിരുന്നു.നമ്മുടെ സമ്പൂർണ്ണസമർപ്പണമല്ലാതെ, ആത്മപകർച്ചക്കു ആരുടേയും യോഗ്യതകളുമായി യാതൊരു ബന്ധവുമില്ല,

കർത്താവായ യേശു കുരിശിൽ മരിച്ചതിനാൽ, എനിക്ക് പാപമോചനം ലഭിച്ചു; കർത്താവായ യേശു മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റതിനാൽ എനിക്കു പുതുജീവൻ ലഭിച്ചു; കർത്താവായ യേശു പിതാവിന്റെ വലത്തുഭാഗത്തേക്ക് ഉയർത്തപ്പെട്ടിരിക്കുന്നതിനാൽ, എനിക്ക് പരിശുദ്ധാത്മാവ് ലഭിച്ചു. എല്ലാം അവൻ കാരണം; ഒന്നിനും ഞാൻ കാരണമല്ല. പാപമോചനം മനുഷ്യന്റെ പ്രവൃത്തിയെ അടിസ്ഥാനമാക്കിയല്ല, മറിച്ച്, നമ്മുടെ പകരക്കാരൻ എന്ന നിലയിൽ ആയിരുന്നു കർത്താവിന്റെ ക്രൂശീകരണം എന്ന് നാം വിശ്വസിച്ചു അംഗീകരിക്കുമ്പോൾ മാത്രമാണ്. പരിശുദ്ധാത്മപകർച്ചയും മനുഷ്യന്റെ പ്രവൃത്തിയെ അടിസ്ഥാനമാക്കിയുള്ളതല്ല, മറിച്ച് കർത്താവിന്റെ ഉയിർപ്പിന്റെ അടിസ്ഥാനത്തിലാണ്. പരിശുദ്ധാത്മാവ് നമ്മുടെ മേൽ വർഷിക്കപ്പെട്ടത് നാം എത്ര വലിയവരാണെന്ന് തെളിയിക്കാനല്ല, മറിച്ച് ദൈവപുത്രന്റെ മഹത്വം തെളിയിക്കാനാണ്.

ഫലത്തിൽ തന്റെ ശ്രോതാക്കളോടു പത്രോസ് പറയുന്നു: നിങ്ങൾ സ്വന്തകണ്ണുകൊണ്ടു കണ്ടതും, കാതുകൊണ്ടു കേട്ടതുമായ ഈ ആത്മപകർച്ച, നിങ്ങൾ ക്രൂശിച്ച നസ്രേത്തിലെ യേശു ഇപ്പോൾ കർത്താവും ക്രിസ്തുവും ആണെന്ന് തെളിയിക്കുന്നു. സ്വർഗ്ഗത്തിൽ എന്താണ് സംഭവിച്ചതെന്ന് തെളിയിക്കാൻ പരിശുദ്ധാത്മാവിനെ ഭൂമിയിലേക്കയച്ചു. യേശുക്രിസ്തു കർത്താവാണെന്നു തെളിയിക്കുക എന്നതാണ് ആത്മപകർച്ചയുടെ ലക്ഷ്യം.


യാക്കോബിന് ഏറെ ഇഷ്ടപ്പെട്ടിരുന്ന യോസഫ് എന്നൊരു മകനുണ്ടായിരുന്നു. ഒരു ദിവസം മകന്റെ മരണവാർത്ത പിതാവിനെ തേടിയെത്തി, വർഷങ്ങളോളം യാക്കോബ് യോസഫിന്റെ വേർപാടിൽ വിലപിച്ചു. യോസഫ് മഹത്വത്തിന്റെയും ശക്തിയുടെയും സ്ഥലത്തായിരുന്നു. ഇതറിയാതെ വർഷങ്ങളോളം തന്റെ മകന്റെ മരണത്തെ ഓർത്ത് യാക്കോബ് വിലപിച്ചു. യോസഫ് ജീവിച്ചിരിപ്പുണ്ടെന്നും ഈജിപ്തിൽ ഉയർന്ന പദവിയിലാണെന്നും അവനെ മറ്റുള്ളവരറിയിച്ചു. ആദ്യം യാക്കോബിന് അത് ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. എങ്കിലും അവൻ എങ്ങനെ അതിൽ വിശ്വസിച്ചു? യോസേഫ് ഈജിപ്തിൽനിന്നു അയച്ച രഥങ്ങളെ കണ്ടു. അതായിരുന്നു തന്റെ മകൻ ജീവിച്ചിരിക്കുന്നു എന്നതിന്റെ തെളിവ്.

ഇവിടെ രഥങ്ങൾ എന്തിനെ പ്രതിനിധീകരിക്കുന്നു? തീർച്ചയായും പരിശുദ്ധാത്മാവിനു നിഴലാണ്. ദൈവപുത്രനായ ക്രിസ്തു മഹത്വത്തിലാണെന്നും ജീവിച്ചിരിക്കുന്നു എന്നും നമ്മെ അറിയിക്കുന്നതിനുവേണ്ടിയും പരിശുദ്ധാത്മാവിനെ അയച്ചു. ഏകദേശം രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് ക്രൂശിക്കപ്പെട്ട നസ്രേത്തിലെ യേശുവിന്റെ മരണം വെറുമൊരു രക്തസാക്ഷിയുടെ മരണം മാത്രമായിരുന്നില്ല. ക്രിസ്തു മഹത്വത്തിൽ പിതാവിന്റെ വലത്തുഭാഗത്താണെന്ന് നമുക്ക് എങ്ങനെ അറിയാം? അവിടുന്ന് കർത്താധികർത്താവും രാജാധിരാജാവുമാണെന്ന് നമുക്ക് എങ്ങനെ അറിയാനാകും? അവിടുന്ന് തന്റെ ആത്മാവിനെ നമ്മുടെമേൽ പകർന്നതിനാൽ.

കർത്താവായ യേശുവിന്റെ ഉയിർപ്പാണ് ആത്മാവ് നൽകപ്പെട്ടതിന്റെ അടിസ്ഥാനം. അങ്ങനെ കർത്താവ് മഹത്വീകരിക്കപ്പെട്ടെങ്കിൽ നിങ്ങൾക്ക് ആത്മാവ് ലഭിക്കാതിരിക്കുമോ? എന്ത് അടിസ്ഥാനത്തിലാണ് നിങ്ങൾക്ക് പാപമോചനം ലഭിച്ചത്? നിങ്ങൾ വളരെ ആത്മാർത്ഥമായി പ്രാർത്ഥിച്ചതുകൊണ്ടാണോ? അതോ നിങ്ങളുടെ

ശേഷം പേജ് 21 ▶





ഡോ. സജികുമാർ കെ. പി.

# സ്വാതന്ത്ര്യത്തിന്റെ ദുരുപയോഗം...

ഒട്ടുമിക്ക വീടുകളിലും ടീനേജുകാർ ഉറക്കെ പറയാറുള്ള ഒരു കംപ്ലയിന്റ് ആണ് എനിക്ക് ഈ വീട്ടിൽ ഒരു സ്വാതന്ത്ര്യവും ഇല്ലെന്ന്. ബാല്യത്തിലും കൗമാരത്തിലുമൊക്കെ നമ്മെക്കുറിച്ചുള്ള തീരുമാനങ്ങൾ എടുത്തിരുന്നത് മാതാപിതാക്കൾ ആയിരുന്നു. എന്നാൽ കൗമാരത്തിലേക്ക് കയറിക്കഴിയുമ്പോൾ പെട്ടെന്ന് നാം വളരുവാൻ തുടങ്ങുന്നു. മാതാപിതാക്കളോടൊപ്പം വണ്ണവും ഉയരവും ഒക്കെ അവർക്കും തലയെടുപ്പ് ഉണ്ടാക്കുമ്പോൾ സ്വാഭാവികമായും അവർ ചിന്തിക്കും, ഇനി എന്റെ കാര്യങ്ങൾ ഞാൻ തന്നെ തീരുമാനിച്ചാൽ പോരെ? ഈ അച്ഛനമ്മമാർ എന്തിനാണ് എന്നെ കൂട്ടിലിട്ടു വളർത്തുന്നത്? എനിക്ക് ഒരല്പം സ്വാതന്ത്ര്യം തന്നാൽ എന്ത് എന്നു ചിന്തിക്കുകയോ ചോദിക്കുകയോ ചെയ്യാത്ത കൗമാരക്കാരില്ല.

ഇതിനെപ്പറ്റി മാതാപിതാക്കളോട് ചോദിച്ചാൽ അവർ പൊതുവായി പറയുന്ന ചില കാര്യങ്ങളുണ്ട്. ഓരോ ദിവസവും വർത്തമാനപ്പത്രങ്ങൾ നോക്കിയാൽ അനേകം കൗമാരക്കാർ, വഴിതെറ്റിപ്പോകുന്ന വാർത്തകൾ കാണുന്നു. അയൽപക്കങ്ങളിൽ പറഞ്ഞുകേൾക്കുന്നത് പല കൗമാരക്കാരുടെയും ദുർന്നടപ്പുകളെപ്പറ്റിയാണ്. എന്റെ മകനോ മകളോ ഇതാ കൗമാരത്തിലേക്ക് കടന്നിരിക്കുന്നു. എന്റെ കൊച്ച്, വഴിതെറ്റിപ്പോകുമോ ദൈവമേ, എന്ന ആശങ്കയാണ് ആവശ്യത്തിലധികം നിയന്ത്രണങ്ങൾ അവർക്കുമേൽ ചുമത്തുവാൻ തങ്ങളെ പ്രേരിപ്പിക്കുന്നത് എന്നായിരിക്കും മാതാപിതാക്കൾക്ക് പൊതുവേ പറയുവാൻ ഉണ്ടാവുക.

കർത്താവായ യേശുക്രിസ്തു പറഞ്ഞ സംഭവകഥയിലെ ( ലൂക്കോസ് 15 :11 മുതൽ) കാണുന്ന ഇളയമകൻ സ്വന്തവീട്ടിലെ നിയന്ത്രണങ്ങൾ ഉള്ള സാഹചര്യം വെറുക്കുവാൻ തുടങ്ങി. കൂട്ടുകാരുമായി അമിതമായ ആസ്വാദനങ്ങൾക്ക് ആ വീട്ടിൽ അവസരം ഉണ്ടായിരുന്നില്ല. ദുർന്നടപ്പിന്റെ ചെറിയ ലക്ഷണങ്ങൾ പോലും അവിടെ അംഗീകരിക്കപ്പെടുകയില്ലായിരുന്നു. ഈ നിയന്ത്രണങ്ങൾ പൊട്ടിക്കുവാൻ ആണ് ഇളയ മകൻ കൊതിച്ചത്. അതുകൊണ്ടുതന്നെ വിമ്മിട്ടപ്പെടുത്തുന്ന വീട്ടിലെ അന്തരീക്ഷത്തിൽ നിന്ന്, കൂട്ടിൽ നിന്ന് പറന്നകലുന്ന ഒരു പക്ഷിയെപ്പോലെ സ്വാതന്ത്ര്യ

**ഇനി എന്റെ കാര്യങ്ങൾ ഞാൻ തന്നെ തീരുമാനിച്ചാൽ പോരെ? ഈ അച്ഛനമ്മമാർ എന്തിനാണ് എന്നെ കൂട്ടിലിട്ടു വളർത്തുന്നത്? എനിക്ക് ഒരല്പം സ്വാതന്ത്ര്യം തന്നാൽ എന്ത് എന്നു ചിന്തിക്കുകയോ ചോദിക്കുകയോ ചെയ്യാത്ത കൗമാരക്കാരില്ല.**

ത്തിന്റെ ലോകത്തേക്ക് അവൻ കാലെടുത്തു വെച്ചു.

ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ മാത്രം ഉപയോഗിച്ചിരുന്ന കാലത്ത് വീടുകളിൽ കമ്പ്യൂട്ടറിന്റെയും ഇന്റർനെറ്റിന്റെയും ഉപയോഗങ്ങളിൽ മാതാപിതാക്കൾ നിയന്ത്രണം വയ്ക്കുമായിരുന്നു. ഫെയ്സ്ബുക്കും വാട്സാപ്പും ഇൻസ്റ്റഗ്രാമും നിലവിലില്ലാതിരുന്ന കാലത്ത് കൗമാരക്കാരുടെ പരസ്പര ബന്ധങ്ങളിലും ആശയവിനിമയങ്ങളിലും മാതാപിതാക്കളുടെ കണ്ണുണ്ടായിരുന്നു. എന്നാൽ സ്മാർട്ട്ഫോണിന്റെ വരവോടെ കൗമാരക്കാർ പലരും സ്വാതന്ത്ര്യത്തിന്റെ പരമകോടിയിലാണ്. അതിവിശാലമായ സൈബർലോകം ആസ്വാദനങ്ങളുടെ കലവറ തുറന്നിട്ടിരിക്കുകയാണ്. ഫെയ്സ്ബുക്കിൽ സുഹൃത്തുക്കളുടെ സ്റ്റാറ്റസ് അപ്ഡേറ്റും, ഫോട്ടോകളും, കമന്റുകളും നോക്കി ആസ്വദിച്ചും കമന്റ് അടിച്ചും ഇരിക്കുമ്പോൾ സമയം പോകുന്നത് അറിയുന്നില്ല. ഇൻസ്റ്റായിലും വാട്സാപ്പിലും ചാറ്റിങ് നടത്തിക്കൊണ്ടിരുന്നാൽ മണിക്കൂറുകൾ പെട്ടെന്ന് പോകും. പക്ഷേ പഠിക്കുവാനും വായിക്കുവാനും മാത്രം സമയം തികയുന്നില്ല. റിസൾട്ട് വരുമ്പോൾ പത്താംക്ലാസിൽ ഫുൾ എ പ്ലസ് വാങ്ങിച്ച ആൾ പ്ലസ് വണ്ണിന് രണ്ട് വിഷയത്തിൽ തോറ്റിരിക്കുന്നു! ഈ കൊച്ചിന് എന്തുപറ്റി എന്നറിയില്ല, നന്നായി പഠിച്ചുകൊണ്ടിരുന്ന ആളായിരുന്നു. ഇപ്പോൾ ക്ലാസ്സിൽ ഒരു ശ്രദ്ധയും ഇല്ല. മറ്റേതോ ലോകത്ത് ആണെന്ന് തോന്നുന്നു എന്നാണ് ടീച്ചർമാർ പറയുന്നത്.

സ്വാതന്ത്ര്യം നല്ലതുതന്നെ. സ്വാതന്ത്ര്യമില്ലാത്ത ജീവിതം ഇരുൾ നിറഞ്ഞതാണ്. സുഹൃത്ത് ബന്ധങ്ങൾ കൗമാരത്തിന് അത്യാവശ്യമാണ്. ഇന്റർനെറ്റും ഫേസ്ബുക്കും മറ്റു സോഷ്യൽ മീഡിയയും അനവധി പ്രയോജനങ്ങൾ ചെയ്യുന്നതാണ്. എന്നാൽ നിയന്ത്രണങ്ങൾ ഒന്നുമില്ലാത്ത ജീവിതത്തെ ആണോ സ്വാതന്ത്ര്യം എന്നു പറയുന്നത്? നിയന്ത്രണങ്ങൾ ഒന്നുമില്ലാത്ത ലോകമായിരുന്നു കർത്താവ് പറഞ്ഞ ഉപമയിലെ ഇളയ പുത്രൻ കാലെടുത്തു വച്ച ലോകം. കൂട്ടുകാരും പണവും ദുർന്നടപ്പും മാത്രം നിറഞ്ഞ ലോകമായിരുന്നു അത്! എന്തായിരുന്നു അതിന്റെ അനന്തരഫലം?

സ്വാതന്ത്ര്യത്തിന്റെ ദുരുപയോഗം ഏത് കൗമാരക്കാരെയും എത്തിച്ചേക്കാവുന്ന ഒരു ദുരന്തമാണ് ദുർന്നടപ്പ്. സൃഷ്ടിയിൽ തന്നെ ദൈവം മനു

**നിയന്ത്രണങ്ങൾ ഒന്നുമില്ലാത്ത ലോകമായിരുന്നു കർത്താവ് പറഞ്ഞ സംഭവകഥയിലെ ഇളയ പുത്രൻ കാലെടുത്തു വച്ച ലോകം. കൂട്ടുകാരും പണവും ദുർന്നടപ്പും മാത്രം നിറഞ്ഞ ലോകമായിരുന്നു അത്! എന്തായിരുന്നു അതിന്റെ അനന്തരഫലം?**

ഷ്യന് കൊടുത്ത പരിപാവനമായ ഒരു സമ്മാനമാണ് ലൈംഗികത. എന്നാൽ അതിർവരമ്പുകൾ ലംഘിക്കപ്പെടുന്ന ലൈംഗികത ഏതു വ്യക്തിയെയും കൊണ്ടെത്തിക്കുന്നത് മായിക്കുവാനും മറക്കുവാനും കഴിയാത്തതും, ജീവിതം മുഴുവൻ നിലനിൽക്കുന്നതുമായ കുറ്റബോധത്തിലേക്ക് ആയിരിക്കും. മറ്റേത് പാപങ്ങളെക്കാളും ലൈംഗികപാപങ്ങൾ മനസ്സാക്ഷിയെ മുറിപ്പെടുത്തുകയും കൗമാരക്കാരെ വളരെ വേഗം ആത്മീയതയിൽ നിന്ന് അകറ്റുകയും ചെയ്യും. ഒരു കൗമാരക്കാരിയുടെ കഥ കേൾക്കുക...

മാളവിക പത്താം ക്ലാസിൽ ഉന്നതവിജയം നേടിയതിന്റെ സമ്മാനമായിട്ടാണ് മാതാപിതാക്കൾ മൊബൈൽഫോൺ വാങ്ങി നൽകിയത്. ചിലദിവസങ്ങൾ കഴിഞ്ഞപ്പോൾ എന്നും ഉറങ്ങാൻ നേരമാവുമ്പോൾ മാളവികയ്ക്ക് ഒരു മിസ്കോൾ കിട്ടുക പതിവായി. ഏതോ ഞരമ്പുരോഗിയാണ് ഇത് ചെയ്യുന്നത് എന്ന് തീർച്ചപ്പെടുത്തി അവൾ ആ നമ്പർ തലവേദന എന്ന പേരിൽ സേവ് ചെയ്തു. തലവേദനയുടെ ശല്യം സഹിക്ക വയ്യാതായപ്പോൾ പെട്ടെന്ന് ഒരുദിവസം അവൾ ആ മിസ്ഡ് കോൾ ചാടിയെടുത്തു. തന്നെ ഇങ്ങനെ ശല്യം ചെയ്തതിന്റെ പേരിൽ കണക്കിനവനെ ശകാരിച്ചു. പക്ഷേ എത്ര വഴക്കു പറഞ്ഞിട്ടും തിരിച്ചു ദേഷ്യപ്പെടാത്ത അവന്റെ സ്വഭാവം അവളെ ആകർഷിച്ചു. പിന്നെ മിസ്ഡ് കോൾ നിരന്തരം ചാറ്റിങ്ങിന് വഴിമാറി. പതുക്കെ അവർ തമ്മിൽ സംസാരം തുടങ്ങി. അവസാനം അത് പിരിയാനാവാത്ത ബന്ധമായി വളർന്നു. അധികം താമസിയാതെ അവന്റെ നിർബന്ധത്തിനു വഴങ്ങി ക്ലാസ് കട്ട്ചെയ്ത് അവനോടൊപ്പം അവൾ കറ

ങ്ങുവാൻ തുടങ്ങി. ഒരു ദിവസം വീട്ടുകാർ അറിയാതെ അവൾ അവനോടൊപ്പം ഇറങ്ങി. ചില ദിവസങ്ങൾ ഉല്ലാസകേന്ദ്രങ്ങൾ പലതും ചുറ്റിക്കണ്ടു, ഹോട്ടലുകളിൽ താമസിച്ചു. പണം തീർന്നപ്പോൾ അവൻ അവളെ ഒരു മഹാനഗരത്തിൽ ഉപേക്ഷിച്ച് കടന്നുകളഞ്ഞു. ഇന്ന് നമുക്ക് ചുറ്റും സംഭവിച്ചുകൊണ്ടിരിക്കുന്ന അനേക സംഭവങ്ങളിലൊന്നാണിത്. സമൂഹത്തെ അഭിമുഖീകരിക്കുവാനും വീട്ടുകാരുടെ മുഖത്തുനോക്കുവാനും കഴിയാതെ ജീവിതത്തിന്റെ സുവർണ കാലമായ കൗമാരത്തിൽ തന്നെ ചിറകരിഞ്ഞുപോയ പക്ഷിയെപ്പോലെ തകർക്കപ്പെടുന്ന എത്രയോ പേരുണ്ട്.

ദൈവം തന്നിരിക്കുന്ന ലൈംഗികതയ്ക്ക് ദൈവം തന്നെ അതിർവരമ്പുകൾ വച്ചിട്ടുണ്ട്. കൗമാരക്കാർ ലൈംഗികതയെ സംബന്ധിച്ച് ശ്രദ്ധിക്കേണ്ടിയ ചില വസ്തുതകൾ നോക്കാം.

**1. ജിജ്ഞാസ:**

ബാല്യം കഴിഞ്ഞ് കൗമാരത്തിലേക്ക് പ്രവേശിക്കുന്ന ഘട്ടത്തിൽ ഇതുവരെ ഇല്ലാതിരുന്ന വികാരങ്ങളും ലൈംഗിക അറിവുകളും ലഭ്യമായി തുടങ്ങും. മുതിർന്നവരിൽ നിന്നും കൂട്ടുകാരിൽ നിന്നും പുസ്തകങ്ങളിൽ നിന്നും ഇന്റർനെറ്റിൽ നിന്നും ലഭിക്കുന്ന അറിവുകൾ എല്ലാം ശരിയായ അറിവുകൾ ആകണമെന്നില്ല. മാതാപിതാക്കളോട് നല്ല ബന്ധം പുലർത്തുന്ന കൗമാരക്കാർ ലൈംഗിക വിദ്യാഭ്യാസം നേടേണ്ടത് ആദ്യം മാതാപിതാക്കളോട് ചോദിച്ചായിരിക്കണം

**2. ചിന്തകളിലെ പാപം:**

ലൂസിഫർ എന്ന പ്രധാനദൂതനെ ദൈവം വെട്ടി താഴെയിട്ടത് ലൂസിഫർ ഹൃദയത്തിൽ ചിന്തിച്ച ദോഷകരമായ ചിന്തകൾ കാരണമാണ് (യെശയ്യാവ് 14: 12 - 17) യേശു പറഞ്ഞു: സ്ത്രീയെ മോഹിക്കേണ്ടതിന് അവളെ നോക്കുന്നവൻ എല്ലാം ഹൃദയംകൊണ്ട് അവളോട് വ്യഭിചാരം ചെയ്തു പോയി ( മത്തായി 5 :28 ). ദുർന്നടപ്പ് ആദ്യം സംഭവിക്കുന്നത് ഹൃദയത്തിലാണ്.

**3. ദുരനുഭവങ്ങൾ അതിജീവിക്കുക:**


കേരളത്തിൽ നടന്നിട്ടുള്ള പല പഠനങ്ങളും തെളിയിച്ചിരിക്കുന്നത്, 60 ശതമാനത്തിനുമേൽ കൗമാരക്കാർ ഏതെങ്കിലും വിധത്തിൽ ലൈംഗികമായ ദുരനുഭവങ്ങൾക്ക് വിധേയപ്പെടേണ്ടി വന്നിട്ടുണ്ടെന്നാണ്. അതിന്റെ പരിണിത ഫലങ്ങളായ വിദ്വേഷം, ഭയം, അമിതമായ കോപം, കുറ്റബോധം എന്നിവ ധാരാളം കൗമാരക്കാരെ പിന്തുടർന്നുകൊണ്ടിരിക്കുന്നു. വിശ്വസിക്കുവാൻ കൊള്ളാവുന്ന പക്വതയുള്ള ആരോടെങ്കിലും ഭാരങ്ങൾ പങ്കുവയ്ക്കുകയും, തുറന്നു സംസാരിക്കുകയും, പ്രാർത്ഥിക്കുകയും ചെയ്യുക എന്നതാണ് ഇവയിൽ നിന്ന് രക്ഷപ്പെടുവാനുള്ള പോംവഴി. ലഭിച്ചിരിക്കുന്ന സ്വാതന്ത്ര്യം ദുഷ്ടതയ്ക്കു മറയാക്കാതെ വചനപ്രകാരം മുന്നേറുവാൻ നമ്മെ സമർപ്പിക്കാം. •

13 ▶ **പ്രായോഗികമായ ആരാധന**

ചെയ്ത നീതിക്ക് വേണ്ടിയുള്ള ദാഹം ഒരു വിശ്വാസിയുടെ ഹൃദയത്തിൽ ഉണ്ടാവും. തിന്മയെ നമുക്ക് ജയിക്കാൻ ക്രിസ്തുവിന്റെ സ്വഭാവം മാത്രം ആണ് വേണ്ടത്. നന്മ ചെയ്യുന്നതിന് മനുഷ്യന് പരിമിതികൾ ഉണ്ട്. കുറെ ആവുമ്പോൾ എല്ലാവരും മടുക്കും. ഞാൻ അവനെ എത്ര സഹായിച്ചതാ... എന്നുള്ള ചോദ്യം നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. അത് മടുത്തുപോയ ശബ്ദം ആണ്. നന്മ ചെയ്തു മടുക്കുന്നത് തിന്മയുടെ ആധിപത്യം ആണ്. അത് വ്യക്തമാക്കുന്നത് ആ പ്രവൃത്തികൾ ജഡത്തിൽ നിന്നുള്ളതാണ് എന്നാണ്. നാം ചെയ്യുന്നത് എല്ലാം സ്നേഹത്തിൽ നിന്നാവുമ്പോൾ തിരിച്ചു ഒന്നും പ്രതീക്ഷിക്കുന്നില്ല എന്നു മാത്രമല്ല, എന്തും സംഭവിക്കാം എന്ന് വിചാരിക്കുകയും ചെയ്യുന്നു. ഇന്ന് ഓശാന പാടിയവർ നാളെ തള്ളിക്കളയുമ്പോഴും നമ്മിൽ നിന്ന് നന്മ അല്ലാതെ ഒന്നും പുറപ്പെടാതിരിക്കണം എങ്കിൽ നാം ക്രിസ്തുവിനെ ആരാധിക്കുന്നവരും ആ ആരാധന ബുദ്ധിയോടെ യാഗമായി സമർപ്പിക്കുന്നവരും ദൈവാനുരൂപമായി മനസ്സുതിരിഞ്ഞവരും ആയിരിക്കണം. അത് വിശുദ്ധീകരണത്തിന്റെ ഒരു യാത്ര ആണ്.

തുടർന്നുള്ള ഭാഗങ്ങളിൽ കാണുന്നതുപോലെ ആത്മാവ് ആണ് വിശുദ്ധീകരിക്കേണ്ടത്. ആത്മാവിന്റെ വിശുദ്ധീകരണമാണ് അനുസരണം ഉണ്ടാക്കേണ്ടത്. ചുരുക്കി പറഞ്ഞാൽ നമ്മുടെ ഓരോ പ്രവൃത്തിയും കല്പനയുടെ നിർബന്ധത്താലല്ല, പിന്നെയോ സ്നേഹത്തിന്റെ നിർബന്ധത്താലല്ലെങ്കിൽ ആത്മാവിന്റെ നിർബന്ധത്താലാവുന്നു. ആത്മാവ് നമുക്ക് തരുന്ന സ്നേഹാധിഷ്ഠിതമായ പുതിയസ്വഭാവത്തിന്റെ നിർബന്ധം ആണ് നമ്മെ ആരാധിക്കുന്നവർ ആക്കുന്നത്. •





ജെസ്സി സാജു

# കുടുംബം, ഭൂമിയിലെ സ്വർഗ്ഗം...!

***“യൗവ്വനക്കാരികളെ ഭർത്തൃപ്രിയമാരും പുത്രപ്രിയമാരും സുബോധവും പാതിവ്രത്യവുമുള്ളവരും വീട്ടുകാര്യം നോക്കുന്നവരും ദയയുള്ളവരും ഭർത്താക്കന്മാർക്കു കീഴ്പ്പെടുന്നവരും ആയിരിപ്പാൻ ശീലിപ്പിക്കേണ്ടതിനു നന്മ ഉപദേശിക്കുന്നവരായിരിക്കേണം എന്നും പ്രബോധിപ്പിക്ക.” (തീത്തോസ് 2:5).***

മേലുദ്ധരിച്ച തിരുവെഴുത്ത് യൗവ്വനക്കാരികൾ കുടുംബത്തിലും സഭയിലും സമൂഹത്തിലും എങ്ങനെ ജീവിക്കണമെന്നതിന്റെ വ്യക്തമായ മാർഗ്ഗനിർദ്ദേശമാണ്. നമ്മുടെ പെൺകുഞ്ഞുങ്ങളെ എങ്ങനെ വളർത്തണമെന്ന് ഈ വേദഭാഗം വ്യക്തമാക്കുന്നുണ്ട്. നാളെ ഒരു പുരുഷന്റെ ഭാര്യ ആകേണ്ടവളാണ് അവൾ. അതിനുള്ള തയ്യാറെടുപ്പ് അവൾ വളരുമ്പോൾ തന്നെ മുതിർന്നവരിൽ നിന്നും ലഭിക്കണം. *അടക്കവും ഒതുക്കവും വിധേയത്വവും അവൾ പഠിക്കേണ്ടത് സ്വകുടുംബത്തിൽ നിന്നാണ്. ഭാര്യ, ഭർത്താവിനെ അനുസരിക്കുകയും ബഹുമാനിക്കുകയും വിധേയപ്പെടുകയും ചെയ്യുന്ന കുടുംബം സ്വർഗ്ഗതുല്യമാണ്.* അങ്ങനെയുള്ളവരുടെ മക്കൾ അതുതന്നെ കണ്ടുവളരും. ഇങ്ങനെയുള്ള പെൺകുട്ടികൾ മറ്റൊരു കുടുംബത്തിൽ ചെന്നാലും സ്വഭവനത്തിൽ ലഭിച്ച മാതൃകയിൽ തന്നെ ജീവിക്കും.

ഒന്നാമത്, സ്ത്രീകൾ ഭർത്തൃപ്രിയരാകണം എന്നാണ് തിരുവെഴുത്തു അനുശാസിക്കുന്നത്. അതായത്, ഭർത്താക്കന്മാരെ ഹൃദ്യമായി സ്നേഹിക്കുന്നവരായിരിക്കണം. എന്നാൽ വിവാഹം പോലും വേണ്ടെന്നു ചിന്തിച്ചു നടക്കുന്ന ഒരുവളെ നിർബന്ധിച്ചു വിവാഹം കഴിപ്പിച്ചാൽ അവൾ എങ്ങനെ ഭർത്തൃപ്രിയയാകും? അതുകൊണ്ട് മാതാപിതാക്കൾ, പെൺകുട്ടികളെ പ്രായമാകുന്നതനുസരിച്ച് വിവാഹത്തിന്റെ ആവശ്യകതയെക്കുറിച്ചു പഠിപ്പിക്കണം. നല്ലൊരു ഭർത്താവിനും ദൈവീകമായ ഒരു കുടുംബജീവിതത്തിനും വേണ്ടി നിരന്തരം പ്രാർത്ഥിക്കുവാൻ പെൺകുട്ടികളെ അഭ്യസിപ്പിക്കണം.

എന്തുകൊണ്ടാണ് ഈ തലമുറയിലെ പല പെൺകുട്ടികൾക്കും വിവാഹമെന്നു കേൾക്കുന്നതു തന്നെ ‘അലർജി’ ആകുന്നത്? അതിനു

കാരണം, മാതാപിതാക്കളുടെ മാതൃകയില്ലാത്ത ജീവിതവും അവൾ കുടുംബത്തിൽ അനുഭവിക്കുന്ന അരക്ഷിതത്വ വുമാണ്. കുടുംബം കുഞ്ഞുങ്ങൾക്ക് സ്വർഗ്ഗതുല്യവും ഇമ്പകരവുമാകണം. കുഞ്ഞുങ്ങൾ സ്വതന്ത്രരും ദൈവസാന്നിധ്യം അനുഭവിക്കുന്നവരുമാകണം. അപ്പോഴാണ് അവരിൽ കുടുംബത്തെക്കുറിച്ചുള്ള നല്ല ചിന്തകൾ ഉളവാകുക. ഇക്കാര്യത്തിൽ മാതാപിതാക്കളുടെ പങ്ക് വളരെ വലുതാണ്.

സ്ത്രീകൾ ഭർത്തൃപ്രിയരാകണം എന്നതുപോലെ തന്നെ പുത്രപ്രിയരാകണം എന്നും തിരുവചനം പഠിപ്പിക്കുന്നു. "നിങ്ങൾ സന്താന പുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറവിൻ" എന്നാണ് ദൈവം ആദ്യകുടുംബത്തിനു നല്കുന്ന ആദ്യനിർദ്ദേശം. കുഞ്ഞുങ്ങളാണ് ഒരു കുടുംബത്തെ സന്തോഷപൂരിതമാക്കുന്നത്. എന്നാലിപ്പോൾ പല പെൺകുട്ടികളും വിവാഹം കഴിക്കുമ്പോൾ 'കുട്ടികൾ വേണ്ട, ഇപ്പോൾ വേണ്ട' എന്നു പറയുന്നു. ഇത് ദൈവികപദ്ധതിയുടെ നിഷേധമാണ്. ചിലരാകട്ടെ കുഞ്ഞുങ്ങൾ ഉദരത്തിലുരുവാകുമ്പോൾത്തന്നെ അബോർഷനു തയ്യാറാകുന്നു. അത് കൊലപാതകമാണ്. 'യഹോവയുടെ ദാനമായ മക്കൾ കുടുംബത്തിന്റെ അനുഗ്രഹവും ഐശ്വര്യവുമാണ്. സ്ത്രീകൾ പുത്രപ്രിയരാകണമെങ്കിൽ വിവാഹിതരാകുന്നതിനു മുമ്പുതന്നെ അവർ കുഞ്ഞുങ്ങളെ സ്നേഹിച്ചു പഠിക്കണം. അതിനുള്ള പരിശീലനം മാതാപിതാക്കളിൽ നിന്നു ലഭിക്കണം. ഇളയ കഞ്ഞുങ്ങളെ കളിപ്പിക്കാനും കുളിപ്പിക്കാനും കഴിപ്പിക്കാനും മൂത്തകുട്ടികളെ പരിശീലിപ്പിക്കണം. മക്കൾ വളരുമ്പോൾ അവർ മറ്റു കുട്ടികളുമായി ഇടപഴകട്ടെ. പ്രായമാകുന്ന കുട്ടികൾ സഭയിലുള്ള ഇളയകുട്ടികളെ പരിപാലിച്ചു വളരട്ടെ. അങ്ങനെയുള്ള കുട്ടികൾ വിവാഹിതരാവുമ്പോൾ അവർക്ക് പുത്രപ്രിയരായി ജീവിക്കാൻ കഴിയും.

'സുബോധ'മാണ് യൗവ്വനക്കാരികളുടെ ഏറ്റവും വലിയ ഗുണവിശേഷം. 'ഫ്രണ്ട്ഷിപ്പിന്റെ' കാലമാണല്ലോ ഇത്. സോഷ്യൽമീഡിയ എല്ലാ മേഖലകളെയും അടക്കിവാഴുന്നു. ആൺപെൺ വ്യത്യാസമില്ലാതെയുള്ള 'ചാറ്റിംഗും പാറ്റിംഗും' ഒക്കെ തീർച്ചയായും നിയന്ത്രിക്കപ്പെടേണ്ടതാണ്. ഇക്കാര്യങ്ങളിൽ ലോകത്തിന്റെ പാറ്റേൺ പിന്തുടരാൻ പാടില്ല. പെൺകുട്ടികളെ ഈ വിഷയത്തിൽ അച്ചടക്കമില്ലാതെ വളർത്തിയാൽ വിവാഹം കഴിഞ്ഞാലും അവർ പങ്കാളികൾക്ക് ഇഷ്ടമാകുമോ എന്നു ചിന്തിക്കാതെ 'ചാറ്റിംഗും' 'പാറ്റിംഗും' തുടർന്നെന്ന് വരാം. ആരോഗ്യകരമായ സൗഹൃദം നല്ലതുതന്നെ. എന്നാൽ നാം സുബോധമുള്ളവരായിരിക്കണം. കുടുംബം ഒരു യൂണിറ്റ് ആണ്. ഭാര്യയും ഭർത്താവും ഒരുമിക്കുന്ന യൂണിറ്റ്. അവിടെ മറ്റൊരാൾക്ക് ഇടമുണ്ടാവാൻ പാടില്ല. ഭാര്യയ്ക്കും ഭർത്താവിനും ഇടയിൽ യേശു കുടുംബം പണിയുമ്പോൾ അതു മുപ്പിരിച്ചരടായി ബലപ്പെടുന്നു.

നമ്മുടെ യൗവ്വനക്കാരികൾ പാതിവ്രത്യമുള്ളവരായിരിക്കണം എന്നാണ് പൗലോസ് അടുത്തതായി ഓർപ്പിക്കുന്നത്. കുഞ്ഞുങ്ങൾക്കായി നാം എന്തെല്ലാം സമ്പാദിച്ചു നൽകിയാലും അതൊന്നുമല്ല അവരുടെ ഏറ്റവും വലിയ സമ്പത്ത്. അത് പാതിവ്രത്യമാണ്. ഒരു സ്ത്രീയെ സ്ത്രീയാക്കി മാറ്റുന്നത് അവളുടെ വിശുദ്ധിയാണ്, സംശുദ്ധമായ സ്വഭാവമാണ്. ഏതുപുരുഷനും അവന്റെ മണവാട്ടി 'വെർജിൻ' ആയിരിക്കണമെന്നും വിവാഹാനന്തരം ഭാര്യ പതിവ്രത ആയിരിക്കണമെന്നും ആഗ്രഹിക്കുന്നു. യൗവ്വനക്കാരികൾ 'കെട്ടിയടച്ച തോട്ടം' പോലെയും 'കെട്ടിയടച്ച കിണർ' പോലെയും ആകുന്നു. ആ തോട്ടത്തിൽ ആരും അതിക്രമിച്ചു കടന്നുകൂടാ.

യൗവ്വനക്കാരികൾ വീട്ടുകാര്യം നോക്കുന്നവരായിരിക്കണം എന്നും പൗലോസ് പറയുന്നു. അതായത് ഭർത്താവിന്റെ വീട്ടിലെത്തിയാൽ അവിടുത്തെ കാര്യങ്ങളെല്ലാം നോക്കി നടത്തുവാനുള്ള പ്രാപ്തി അവൾക്കുണ്ടാകണം. അതിനുള്ള ട്രെയിനിംഗ് സ്വഭവനത്തിൽ നിന്നും ലഭിക്കണം. ആഹാരം സ്വയം പാകംചെയ്യാനും, വീടു വൃത്തിയാക്കാനും, തുണി കഴുകാനും, മാർക്കറ്റിൽ പോകാനും, ബാങ്കുകാര്യങ്ങൾ നോക്കി നടത്താനും സ്ത്രീകൾ പ്രാപ്തരായിരിക്കണം. ഡ്രൈവിംഗോ, അത്യാവശ്യം തയ്യലോ അവർ പഠിച്ചിരിക്കുന്നതു നല്ലതാണ്. ഇതൊക്കെയവർ സ്വഭവനത്തിൽ അഭ്യസിക്കേണ്ടതാണ്. വൃക്ഷങ്ങളും ചെടികളും വച്ചുപിടിപ്പിക്കാനും, അടുക്കളത്തോട്ടം ഉണ്ടാക്കാനും മാതാപിതാക്കൾ അവരെ അഭ്യസിപ്പിക്കണം.

കുഞ്ഞുങ്ങൾ 'ദയ'യുള്ളവരായി വളരണം. മിടുക്കരായി കുഞ്ഞുങ്ങൾ പഠിക്കണമെന്നും ഉയർന്ന മാർക്ക് വാങ്ങണമെന്നും മാതാപിതാക്കൾക്കു നിർബന്ധമുണ്ട്. എന്നാൽ മറ്റുള്ളവരോടുള്ള അവരുടെ ഇടപെടൽ എങ്ങനെയാണ്?

കൂടെയുള്ളവരുടെ വേദനകൾ തിരിച്ചറിയാൻ അവർക്കു കഴിയുന്നുണ്ടോ? ഉദാഹരണമായി കൂടെ പഠിക്കുന്ന ഒരു കുട്ടി ഫീസ് കൊടുക്കാനില്ലാതെ കഷ്ടപ്പെടുന്നത് തിരിച്ചറിയുവാനുള്ള കണ്ണുകൾ കുട്ടിക്കുണ്ടോ? അതറിഞ്ഞ് അക്കാര്യം അനുകമ്പയോടെ അവൾ നിങ്ങളെ അറിയിക്കുന്നുവെങ്കിൽ ആരുമറിയാതെ ആ കുട്ടിയെ സഹായിക്കാൻ നിങ്ങൾ തയ്യാറാവണം. സമൂഹത്തോടു കരുണ കാണിച്ചു വളരുന്ന കുഞ്ഞുങ്ങളായിരിക്കണം നമ്മുടെ മക്കൾ. അങ്ങനെ വന്നാൽ വിവാഹശേഷവും നിങ്ങളുടെ മകൾ 'സാമർത്ഥ്യ'മുള്ള ഒരു സ്ത്രീ ആയിരിക്കും. സദൃശ്യവാക്യത്തിൽ കാണുന്നതു പോലെ അവൾ തന്റെ കൈ എളിയവർക്ക് തുറക്കുന്നു. ദരിദ്രന്മാരുടെ അടുക്കലേക്ക് കൈ നീട്ടുന്നു.

സ്ത്രീകൾ ഭർത്താവിന് കീഴടങ്ങുന്നവരായിരിക്കണം എന്ന് പൗലോസ് പറയുന്നു. ഭർത്താവിനു വിധേയപ്പെടാൻ മനസ്സില്ലാത്ത സ്ത്രീകളാണ് കുടുംബത്തെ തകർച്ചയിലെത്തിക്കുന്നതിൽ സുപ്രധാന പങ്കു വഹിക്കുന്നത്. മാതാപിതാക്കൾ മക്കളുടെ കുടുംബജീവിതത്തിൽ അതിരുകവിഞ്ഞിടപെട്ടാൽ കുടുംബം നരകസമാനമാകും. ഭാര്യ വിവാഹശേഷം ഭർത്താവിനു വിധേയപ്പെടണമെങ്കിൽ, അവളുടെ അമ്മ അവളുടെ പിതാവിനു കീഴടങ്ങിയിരിക്കുന്നത് അവൾ കണ്ടു വളരണം. 'യഥാ മാതാ തഥാ പുത്രി' എന്നാണല്ലോ ചൊല്ല്.

സ്വകുടുംബത്തിൽ അമ്മയാണ് ഭരണം നടത്തുന്നതെങ്കിൽ മകൾ ഭർത്തൃഭവനത്തിൽ ഭർത്താവിനെയും ഭർത്താവിനുള്ളവരെയും ഭരിക്കുവാനുള്ള സാധ്യത ഏറെയാണ്. എന്നാൽ ഭർത്താവിനു വിധേയത്വമുള്ള ഭാര്യയാണ് പെൺകുട്ടിയുടെ അമ്മയെങ്കിൽ അവൾ ഭർത്തൃപ്രിയയായി, ഭർത്താവിനു വിധേയപ്പെട്ട്, ദയയുള്ളവളായി, വീട്ടുകാര്യം നോക്കി സുബോധത്തോടെ വസിക്കുവാനാണ് കൂടുതൽ സാധ്യത. ആ ഭവനം ഭൂമിയിൽ സ്വർഗ്ഗതുല്യമായിരിക്കും. •

## 15 പരിശുദ്ധാത്മാവ് അനുഭവമാകണമെങ്കിൽ...

ബൈബിളാദ്യവസാനം വായിച്ചതുകൊണ്ടാണോ? അതോ പതിവായി പള്ളിയിൽ ഹാജരായത് കൊണ്ടാണോ? നിങ്ങളുടെ യോഗ്യതകൾകൊണ്ടായിരുന്നോ? അല്ലേയല്ല... അപ്പോൾ ഏത് കാരണത്താലാണ് നിങ്ങളുടെ പാപങ്ങൾ ക്ഷമിക്കപ്പെട്ടത്? രക്തംചൊരിഞ്ഞിട്ടല്ലാതെ ഒരു പരിഹാരവുമില്ല (എബ്രായർ 9:22). പാപമോചനത്തിന്റെ അടിസ്ഥാനം രക്തം ചൊരിയലാണ്; വിലയേറിയ രക്തം ചൊരിയപ്പെട്ടതിനാൽ നിങ്ങളുടെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു.

നിങ്ങളിൽ ചിലർ പറഞ്ഞേക്കാം: ഞാൻ ഇതിനോടെല്ലാം യോജിക്കുന്നു, പക്ഷേ എനിക്ക് ഈ അനുഭവമില്ല. എനിക്ക് ഒന്നുമില്ലെന്ന് നന്നായി അറിയുമ്പോൾ എല്ലാം ഉണ്ടെന്ന് പറയുകയാണോ? അല്ല, നാം ഒരിക്കലും വസ്തുനിഷ്ഠമായ അറിവ് കൊണ്ട് മാത്രം സംതൃപ്തരാകരുത്. നമുക്ക് ആത്മനിഷ്ഠമായ അനുഭവവും ആവശ്യമാണ്; എന്നാൽ ആ അനുഭവം ദൈവിക വാഗ്ദത്തങ്ങളിൽ ആശ്രയിക്കുമ്പോൾ മാത്രമേ ഉണ്ടാകൂ. ദൈവത്തിന്റെ വാഗ്ദത്തങ്ങളാണ് നമ്മുടെ അനുഭവത്തിന്റെ അടിസ്ഥാനം.

നമുക്ക് ഈ അനുഭവം ഇല്ലെങ്കിൽ, പരിശുദ്ധാത്മപകർച്ചയുടെ യാഥാർത്ഥ്യത്തിന്റെ വെളിപ്പെടുത്തലിനായി നാം ദൈവത്തോട് അപേക്ഷിക്കണം, അത് ഉന്നതനായ കർത്താവ് തന്റെ സഭയ്ക്ക് നൽകിയ ദാനമാണ്. അത് ലഭിച്ചു കഴിഞ്ഞാൽ പ്രാർത്ഥനകൾ സ്തുതിസ്തോത്രങ്ങൾക്കും നന്ദി കരേറ്റലിനും ഇടം നൽകും.

പാപമോചനം നേടാനും പരിശുദ്ധാത്മസ്നാനത്തിനുമുള്ള നമ്മുടെ ശ്രമങ്ങൾക്ക് വിരാമം കുറിച്ചത് കർത്താവ് കാൽവറിയിൽ നിവർത്തിച്ച രക്ഷണ്യപ്രവർത്തിയിലെ വെളിപ്പെടുത്തലിൽക്കൂടിയും പിതാവിന്റെ സന്നിധിയിലേക്കു സ്വർഗ്ഗാരോഹണം ചെയ്തത് നിമിത്തവും ആയിരുന്നു. ക്രിസ്തുവിന്റെ പ്രവൃത്തി കണ്ടിട്ടില്ലെങ്കിലും വിശ്വാസത്താൽ ഞങ്ങൾ പ്രവർത്തിക്കുന്നു. എന്നാൽ ഒരിക്കൽ നാം വിശ്വാസത്താൽ അതുകാണുമ്പോൾ ആ ബോധ്യം നമ്മുടെ ഹൃദയങ്ങളിലുറപ്പാക്കപ്പെടും.നാം വിശ്വസിക്കുന്നതുപോലെ ആത്മീയ അനുഭവം പ്രാപിക്കുവാനും ക്രിസ്തുവിനെ രുചിച്ചറിയുവാനും കഴിയും. •

# കവിഞ്ഞൊഴുകുന്ന ദൈവസ്നേഹം

ഷേർളി തങ്കം എബ്രഹാം.

***തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു (യോഹന്നാൻ 3:16,17).***

സ്വന്തപുത്രനെപ്പോലും നമുക്കു വേണ്ടി കാൽവറിയിൽ തകർത്തു കളയുവാൻ തയ്യാറായ സ്നേഹമാണ് ദൈവസ്നേഹം. (യെശയ്യാവ് 53:10). ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചതു ലോകത്തെ വിധിപ്പാനല്ല ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ. വിവാഹിതനായ ഒരു സഹോദരൻ കൊലപാതകക്കുറ്റം ചെയ്തിട്ടുണ്ടെന്ന് വെയ്ക്കുക. ശിക്ഷയുടെ ഭീകരത ഓർത്തിട്ട് പ്രതി സ്വന്തഭാര്യയെയും കുഞ്ഞുങ്ങളെയും വിചാരിച്ചു ഒരുപാട് നീറി. ഇതു നേരിട്ട് കാണുകയും മനസ്സിലാക്കുകയും ചെയ്ത അവിവാഹിതനായ തന്റെ സഹോദരൻ കുറ്റവും ശിക്ഷയും സഹോദരനു പകരം ഏറ്റെടുത്തു. തന്റെ കുറ്റവും ശിക്ഷയും ഏറ്റെടുത്ത സഹോദരനോട് ആ കുടുംബം മരണം വരെ നന്ദിയും ആദരവും കടപ്പാടും ഉള്ളവരായിരിക്കുമല്ലോ? പാപസ്വഭാവമോ അതിന്റെ പ്രവർത്തിയോ ഇല്ലാത്ത യേശുകർത്താവു നമ്മുടെ ആത്മരക്ഷയ്ക്കും സമാധാനത്തിനും നിത്യതയിലെ സന്തോഷത്തിനും വേണ്ടി നമ്മുടെ പാപങ്ങൾ സ്വയം ഏറ്റെടുത്തു. നമുക്ക് വേണ്ടി അവസാന തുള്ളി രക്തം വരെ നൽകി. പട്ടാളക്കാർ യേശുവിന്റെ മുതുക് ഉഴവുചാൽ പോലെ ഉഴുതു മറിച്ചു, മുൾക്കിരീടം ശിരസ്സിൽ ധരിപ്പിച്ചു. കുരിശിൽ തറച്ചു. യേശുവിന്റെ ശരീരത്തിൽ മുറിവേൽക്കാത്ത ഒരു ഭാഗം പോലും ഇല്ലായിരുന്നു. ഹൃദയഭേദകമായ നിന്ദകളും പരിഹാസങ്ങളും ആക്ഷേപങ്ങളും തന്റെ മനസിനെയും തകർത്തു. മരിച്ച് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു ഇന്നും ജീവിക്കുന്നു. എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു; നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെമേൽ ആയി അവന്റെ അടിപ്പിണരുകളാൽ നമുക്കു സഖ്യം വന്നുമിരിക്കുന്നു (യെശയ്യാവ് 53:5).

നിസ്തുലമായ ഈ ദൈവസ്നേഹത്തിന്റെ വൈശിഷ്ട്യങ്ങളെക്കുറിച്ചു തിരുവെഴുത്തുകളിൽ നിന്നും നമുക്കു ചിന്തിക്കാം.

**മധ്യസ്ഥത വഹിക്കുന്ന യേശുക്രിസ്തുവിന്റെ സ്നേഹം:**

ക്രിസ്തുയേശു മരിച്ചവൻ; മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റവൻ തന്നേ; അവൻ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കയും നമുക്കുവേണ്ടി പക്ഷവാദം കഴിക്കയും ചെയ്യുന്നു (റോമർ 8:34). മാനവസമൂഹം മുഴുവനും ദൈവത്തെ അറിയാൻ നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ ലോകത്തിൽ ഉള്ള എല്ലാ വ്യക്തികൾക്കും വേണ്ടി പക്ഷവാദം ചെയ്യുന്നു. നമ്മുടെ നിത്യമഹാപുരോഹിതനായ ക്രിസ്തുയേശു പവിത്രനും നിർദോഷനും നിർമ്മലനും പാപികളോട് വേർപെട്ടവനും സ്വർഗത്തെക്കാൾ ഉന്നതനുമാണ്. നമ്മുടെ എല്ലാ ബലഹീനതകളും യേശു മനസ്സിലാക്കുന്നു. അതിനാൽ നമുക്ക് സഹായം ആവശ്യമുള്ളപ്പോഴെല്ലാം കരുണാമയനായ ദൈവത്തിന്റെ കൃപാസനത്തിനു മുന്നിൽ പ്രവേശനം അനുവദിച്ചിരിക്കുന്നു.

**ശത്രുക്കളെ സ്നേഹിക്കുന്ന ദൈവം:**

ലൂക്കോസ് 23:34 ൽ ഗൊൽഗോത്തായിൽ യേശുവിനെ പാപികളായ മനുഷ്യർ അടിച്ചും തല്ലിയും ക്രൂരമായി വേദനിപ്പിച്ചും കുരിശിൽ തറച്ചു. യേശു തന്റെ ആത്മാവിനെ പിതാവിന്റെ

തൃക്കരങ്ങളിൽ ഏൽപ്പിക്കുമ്പോൾ പോലും ശത്രുക്കൾക്കു വേണ്ടി 'പിതാവേ, ഇവർ ചെയ്യുന്നതു ഇന്നതു എന്നു അറിയായ്കകൊണ്ടു ഇവരോടു ക്ഷമിക്കേണമേ' എന്നു പ്രാർത്ഥിച്ചു. ഇങ്ങനെ സ്നേഹിക്കാനാണ് യേശുക്രിസ്തു നമ്മെ പഠിപ്പിച്ചത്. തുളുമ്പുന്ന ദൈവസ്നേഹത്തെ പ്രകടമാക്കുന്ന വേദഭാഗമാണ് യേശുവിന്റ ക്രൂശീകരണ വിവരണം. നാം എങ്ങനെ സ്നേഹിക്കണമെന്ന് യേശു സ്വജീവിതത്തിലൂടി വെളിപ്പെടുത്തി. നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ. നിങ്ങളെ പകെക്കുന്നവർക്കു ഗുണം ചെയ്യുവിൻ. നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിപ്പിൻ; നിങ്ങളെ ദുഷിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിപ്പിൻ. സുവിശേഷവിരോധികളാൽ ക്രൂരമായി കൊല്ലപ്പെട്ട തന്റെ ഭർത്താവിന്റെയും കുഞ്ഞുങ്ങളുടെയും ഘാതകരോട് ഹൃദയപൂർവ്വം ക്ഷമിക്കുകയും, തങ്ങളുടെ ശുശ്രൂഷ ഇന്ത്യയിൽ തുടരുകയും ചെയ്ത, ഗ്ലാഡിസ് ഗ്രഹാംസ്റ്റെയിൻസിന്റെ മാതൃക ക്ഷമയുടെ ഒരുത്തമ ഉദാഹരണമാണ്. ക്രിസ്തു ജീവിച്ചിരുന്ന കാലത്ത് മാത്രമല്ല ഈ കാലത്തും ഇതു സാധ്യമാണ്. ഇതാണ് ഈ സംഭവം നമുക്കു നൽകുന്ന ദൂത്.

**സംരക്ഷണം നൽകുന്ന ദൈവസ്നേഹം:**

നിന്റെ എല്ലാവഴികളിലും നിന്നെ കാക്കേണ്ടതിന്നു അവൻ നിന്നെക്കുറിച്ചു തന്റെ ദൂതന്മാരോടു കല്പിക്കും; നിന്റെ കാൽ കല്ലിൽ തട്ടിപ്പോകാതിരിക്കേണ്ടതിന്നു അവർ നിന്നെ കൈകളിൽ വഹിച്ചുകൊള്ളും.(സങ്കീർത്തനങ്ങൾ 91:11,12) തീച്ചൂളയെ ഭയപ്പെടാതെ ദൈവത്തിൽ മാത്രം ആശ്രയിച്ച യഹൂദബാലന്മാരെ ദൈവം എത്ര അത്ഭുതകരമായിട്ടാണ് തീച്ചൂളയിൽ ഇറങ്ങിവന്ന് വിടുവിച്ചത്. ദാനിയേൽപ്രവാചകൻ ഒരു രാത്രി മുഴുവനും സിംഹക്കുഴിയിൽ കിടന്നിട്ടും സിംഹങ്ങളുടെ വായടച്ചു ദൈവം രക്ഷിച്ചു. തിരുവചനം നമ്മെ പഠിപ്പിക്കുന്നത് പെറ്റമ്മ നമ്മെ മറന്നാലും ദൈവം മറക്കില്ലെന്ന് മാത്രമല്ല, നമ്മുടെ വലുതും ചെറുതുമായ പ്രതിബന്ധങ്ങളും പ്രശ്നങ്ങളും ദൈവം പരിഹരിച്ചു നമ്മെ സംരക്ഷിക്കും എന്നുകൂടിയാണ് (യെശയ്യാ 49:15,16).

**ദൈവസ്നേഹം അനന്തവും അചഞ്ചലവുമാണ്:**

നിത്യസ്നേഹം കൊണ്ടു ഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു; അതുകൊണ്ടു ഞാൻ നിനക്കു ദയ ദീർഘമാക്കിയിരിക്കുന്നു(യിരെമ്യാവ് 31:3). ഈ സ്നേഹം നമ്മുടെ ജീവിതത്തിൽ പ്രയോജനപ്പെടണമെങ്കിൽ നാം മറ്റാരേക്കാളും മറ്റെന്തിനേക്കാളും ദൈവത്തെ ഉറ്റു സ്നേഹിക്കുന്നവരായിരിക്കണം. എന്നെ സ്നേഹിക്കുന്നവൻ എന്റെ കല്പനകളെ പ്രമാണിക്കും എന്നാണല്ലോ യേശു പറഞ്ഞിരിക്കുന്നത്. അതായതു ദൈവത്തോടുള്ള സ്നേഹം തന്റെ കൽപ്പനകൾ അനുസരിച്ചു ജീവിതം കൊണ്ട് തെളിയിക്കണം എന്നർത്ഥം (യോഹന്നാൻ 14:21). അല്ലാത്തപക്ഷം ദൈവം നമ്മോടു കാണിക്കുന്ന സ്നേഹത്തെ നിരാകരിക്കുകയായിരിക്കും നാം ചെയ്യുന്നത്.

**നഷ്ടപ്പെട്ടതിനെ തേടുന്ന ദൈവസ്നേഹം:**

ഒരാടിനെ നഷ്ടപ്പെട്ടപ്പോൾ ബാക്കി 99 നെയും മരുഭൂമിയിൽ വിട്ടേച്ചു നഷ്ടപെട്ടുപ്പോയ ആടിനെ കണ്ടു കിട്ടുന്നതുവരെ തിരയുന്നതാണ് ദൈവസ്നേഹം. വഴി തെറ്റിപ്പോയ ഓരോ ആടുകളെയും ദൈവം വിളിച്ചു കൊണ്ടിരിക്കുന്നു. അവർ ദൈവസന്നിധിയിൽ എത്തുന്നതു വരെ ദൈവം വിളിച്ചുകൊണ്ടിരിക്കുന്നു. നമ്മെ ദൈവം വിളിക്കുന്നത് വിശ്വസ്ത സാക്ഷികളാവാനാണ്, ദൈവകരങ്ങളിലെ ഇണങ്ങുന്ന ഉപകരണങ്ങൾ ആവാനാണ്.

**ശിക്ഷയും ശിക്ഷണവും നൽകുന്നു:**

എല്ലാവരും പ്രാപിക്കുന്ന ബാലശിക്ഷ കൂടാതിരിക്കുന്നു എങ്കിൽ നിങ്ങൾ മക്കളല്ല ജാരസന്തതികളത്രെ. മക്കൾ തെറ്റ് ചെയ്യുമ്പോൾ മാതാപിതാക്കൾ ശിക്ഷിക്കുന്നു. എന്നാൽ ജാരസന്തതികളെ ആരും ശിക്ഷിക്കാറില്ല. നാം ദൈവമക്കൾ ആയതുകൊണ്ട് ബാലശിക്ഷ ഇടയ്ക്ക് ലഭിക്കുന്നു. എന്തുകൊണ്ട് ജീവിതത്തിൽ കഷ്ടങ്ങളും ദുരിതങ്ങളും പ്രതിബന്ധങ്ങളും വരുന്നു എന്ന് പലരും പരിതപിക്കാറുണ്ട്.

ഇഹലോകത്തിലെ നമ്മുടെ വാസം നാം ദൈവത്തിന്റെ പണിപ്പുരയിലാണ് ചിലവഴിക്കുന്നത്. നമ്മിൽ നിന്നും നീക്കിക്കളയേണ്ടവയെ നീക്കുന്നതും, കൂട്ടിച്ചേർ ക്കേണ്ടവയെ ചേർക്കുന്നതും, ദൈവഹിതത്തി നൊത്തവണ്ണം നാം ആയിത്തീരണം എന്ന ദൈ വികപദ്ധതിയുടെ ഭാഗമാണ്. ഈ ദൈവിക പരിശീലനമാണ് പലപ്പോഴും കഷ്ടം എന്ന് നമുക്ക് അനുഭവപ്പെടുന്നത്. എങ്കിലും നാം ക്രിസ്തു വിനോട് അനുരൂപപ്പെടേണ്ടതിനു ഇവ അനിവാ ര്യമാണ്. ദൈവം നമ്മെ രൂപപ്പെടുത്തേണ്ടതി നായി ദൈവസ്നേഹത്തെ സംശയിക്കാതെ ദൈവകരങ്ങളിൽ നമ്മെത്തന്നെ പൂർണ്ണമന സോടെ സമർപ്പിക്കാം. •

# മുട്ടി വിളിക്കുന്ന ദൈവം

ലവോദിക്യാസഭയുടെ വാതിൽക്കൽ നിന്നു മുട്ടിവിളിക്കുന്ന കർത്താവ് നമുക്കൊരു പഠനവിഷയവും പ്രസംഗവിഷയവുമാണ്. പഠനഫലം ജീവിതത്തിൽ പകർത്തുക കൂടിചെയ്യാനാവുമ്പോൾ കർത്താവിന്റെ സജീവസാന്നിധ്യം നമുക്കനുഭവവേധ്യമാകും.

സഭയുടെ അകത്തായിരിക്കേണ്ട നാഥൻ വെളിയിലായതിനാലാണ് മുട്ടി വിളിക്കേണ്ടി വരുന്നത് എന്ന് നമുക്കറിയാം. സഭയുടെ കമ്മറ്റിയോ പൊതുയോഗമോ കൂടി പ്രമേയം പാസ്സാക്കി കർത്തവിനെ പുറത്താക്കിയതല്ല എന്നതു നിശ്ചയം, പിന്നെയോ കർത്താവ് സ്വയം അവിടെനിന്നും ഇറങ്ങിമാറിയതായിരിക്കാനാണു സാധ്യത. കർത്താവ് പുറത്താണെന്നത് അവർ അറിയാനോ, അറിഞ്ഞാലും അംഗീകരിക്കാനോ തീരെ സാധ്യതയില്ല. കർത്താവു കനിഞ്ഞു നൽകിയ അനുഗ്രഹസമൃദ്ധി എന്ന സംതൃപ്തിയോടെ സ്തോത്രം ചെയ്താണല്ലാ സമ്പത്തും, പദവിയും മറ്റെല്ലാ നന്മകളും ആസ്വദിക്കുന്നത്. അഹിതമായതൊക്കെ വചനത്തിൽ വേരുള്ള ഏതെങ്കിലും ലേബൽ ധരിച്ചാണ് അകത്തു കയറിക്കുടിയത്. അവയ്ക്കൊപ്പം ഇരിക്കാനാവാതെ കർത്താവ് പുറത്തിറങ്ങിയതായിരിക്കും.

അനുവദനീയവും അഭികാമ്യവുമല്ലാത്തവ അകത്തുകയറിയതും പൊതുസഭയുടെയോ മൂപ്പന്മാരുടെയോ തീരുമാനപ്രകാരമൊന്നുമായിരിക്കില്ല, നുഴഞ്ഞുകയറിയതാണവ. ഒരുകൂട്ടമായി വന്ന് അമിതശക്തിപ്രയോഗിച്ചോ ഭീഷണിപ്പെടുത്തിയോ ശത്രു സഭാന്തരീക്ഷം പിടിച്ചടക്കിയതുമല്ല . ശത്രുവിന്റെ ആക്രമണം യഥാസമയം മനസ്സിലാക്കിയിരുന്നെങ്കിൽ ഉപവാസത്താലോ പ്രാർഥനയാലോ ഒക്കെ സഭ ഒരുപക്ഷെ അതിനെ ചെറുത്തേനേ. വീണുകിട്ടിയ ചെറിയ അവസരങ്ങളെ തന്മയത്വമായുപയോഗിച്ച് പലപ്പോഴായി കയറിക്കൂടിയതാണ് ഓരോ അനാത്മികതയും. ഇപ്പോൾ ആധിപത്യം അവയ്ക്കും, കർത്താവു പുറത്തും.

മുട്ടിവിളിക്കുന്ന ആർക്കും ഔദാര്യമായിക്കൊടുക്കാനുള്ള സമൃദ്ധിയും ഈ സഭയ്ക്കുണ്ടായിരിക്കും, എന്നുവെച്ചാൽ സാമ്പത്തിക സഹായം എന്ന അർഥത്തിൽ മാത്രമല്ല. ഏത് ആത്മിക ശുശ്രൂഷയും തന്മയത്വമായും ആകർഷകമായും നടത്തിക്കൊടുക്കാൻ പ്രാപ്തരായ പലർ ആ ഒരു സഭയിൽ കാണും. സ്റ്റേജുകളിലെ എല്ലാ ശുശ്രൂഷകൾക്കും അനുഭവങ്ങളുടെ പിന്തുണ വേണമെന്നില്ലല്ലോ. എന്നാൽ ഇപ്പോൾ മുട്ടിവിളിക്കുന്ന കർത്താവ് ലവൊദിക്യ സഭയുടെ ഔദാര്യത്തിനു മുന്നിൽ കെഞ്ചാൻ വന്നതല്ല. അവരുടെ ദാരിദ്ര്യമറിഞ്ഞിട്ടു ഊതിക്കഴിച്ച നല്ല പൊന്നുമായി വന്നതാണ്, നഗ്നതയറിഞ്ഞിട്ടു വെള്ളയുടുപ്പുമായി വന്നതാണ്, അന്ധതയറിഞ്ഞിട്ടു ലേപവുമായി വന്നതാണ്. അഗ്നിജ്വാലയ്ക്കൊത്ത കണ്ണിലൂടെ നോക്കിയപ്പോൾ അവരുടെ ധനം വ്യാജമാണെന്നും (കള്ളനോട്ടുകൾക്കു സമം), ധൂമ്രവസ്ത്രം നഗ്നത വെളിപ്പെടുത്തുന്നതാണെന്നും (ചില ആധുനിക ഫാഷൻ വസ്ത്രങ്ങൾക്കു സമം), കാഴ്ചയുടെ നിലവാരം ശരിയല്ലെന്നും മനസ്സിലാക്കിയിട്ടാണ് വരവ്. ദിവസംപ്രതിയും, ആഴ്ചതോറും, മാസംതോറും ഒക്കെ നാം കൊടുക്കുന്ന ഔദാര്യങ്ങളിൽ കർത്താവിനെ തൃപ്തിപ്പെടുത്താൻ ശ്രമിക്കുന്നതിനുപകരം അവങ്കൽ നിന്ന് വേണ്ടതൊക്കെ വാങ്ങി അനുഭവിക്കയല്ലേ നമുക്കാവശ്യം. അപ്പോൾ നാം ചെയ്യേണ്ടതും നമുക്കു മറവാകയില്ല. •



## മത്തായിയുടെ സുവിശേഷത്തിലെ ആത്മിക മർമങ്ങൾ

ജോയ് എം. തോമസ്

# വിശ്വാസവും പ്രാർത്ഥനയും

*'അവർ പുരുഷാരത്തിന്റെ അടുക്കൽ വന്നാറെ ഒരു മനുഷ്യൻ വന്ന് അവന്റെ മുമ്പാകെ മുട്ടുകുത്തി: കർത്താവേ, എന്റെ മകനോടു കരുണയുണ്ടാകേണമേ; അവൻ ചന്ദ്രരോഗം പിടിച്ചു പലപ്പോഴും തീയിലും പലപ്പോഴും വെള്ളത്തിലും വീണു വല്ലാത്ത കഷ്ടത്തിലായിപ്പോകുന്നു. ഞാൻ അവനെ നിന്റെ ശിഷ്യന്മാരുടെ അടുക്കൽ കൊണ്ടുവന്നു; എന്നാൽ സൗഖ്യം വരുത്തുവാൻ അവർക്കു കഴിഞ്ഞില്ല എന്നു പറഞ്ഞു. അതിനു യേശു: അവിശ്വാസവും കോട്ടവുമുള്ള തലമുറയേ, എത്രത്തോളം ഞാൻ നിങ്ങളോടുകൂടെ ഇരിക്കും? എത്രത്തോളം നിങ്ങളെ സഹിക്കും? അവനെ എന്റെ അടുക്കൽ കൊണ്ടുവരുവിൻ എന്ന് ഉത്തരം പറഞ്ഞു. യേശു ഭൂതത്തെ ശാസിച്ചു, അത് അവനെ വിട്ടുപോയി, ബാലന് ആ നാഴിക മുതൽ സൗഖ്യം വന്നു. പിന്നെ ശിഷ്യന്മാർ സ്വകാര്യമായി യേശുവിന്റെ അടുക്കൽ വന്ന്: ഞങ്ങൾക്ക് അതിനെ പുറത്താക്കിക്കൂടാഞ്ഞത് എന്ത് എന്നു ചോദിച്ചു. അവൻ അവരോട്: നിങ്ങളുടെ അല്പവിശ്വാസം നിമിത്തമത്രേ; നിങ്ങൾക്കു കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോട്: ഇവിടെനിന്ന് അങ്ങോട്ടു നീങ്ങുക എന്നു പറഞ്ഞാൽ അതു നീങ്ങും; നിങ്ങൾക്ക് ഒന്നും അസാധ്യമാകയുമില്ല. എങ്കിലും പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ ഈ ജാതി നീങ്ങിപ്പോകുന്നില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു ( മത്തായി 17:14 21)*

മുകളിൽ ഉദ്ധരിച്ചിരിക്കുന്ന വേദഭാഗത്ത് വിവരിച്ചിരിക്കുന്ന സംഭവം മർക്കോസിന്റെ സുവിശേഷത്തിലും(മർക്കോസ് 9:14 - 29) ലൂക്കോസിന്റെ സുവിശേഷത്തിലും (ലൂക്കോസ് 9:37 - 43) രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് ഒരു പ്രധാനപ്പെട്ട സംഭവം ആണെന്നുള്ളത് അതിൽ നിന്നും ഗ്രഹിക്കാം, പത്രോസും യാക്കോബും യോഹന്നാനും കർത്താവിന്റെ മഹത്വം ദർശിച്ച്, കർത്താവ് അവരുടെ മുമ്പിൽ രൂപാന്തരപ്പെട്ട സംഭവത്തിന് ശേഷം, പിറ്റേദിവസം നടന്ന ഒരു പ്രധാന സംഭവം ആയിരുന്നു ഇത് (ലൂക്കോസ് 9 :37).

ഒരു പിതാവ് തന്റെ ഏകജാതനും (ലൂക്കോസ് 9: 38) ചന്ദ്രരോഗിയും അതായതു Epilepsy- അഥവാ അപസ്മാരരോഗിയും ആയ മ

**അങ്ങനെയുള്ള സാഹചര്യങ്ങളിൽ നാം അകപ്പെടുമ്പോൾ കർത്താവ് നമ്മുടെ സഹായത്തിന് എത്തുന്നു എന്നത് ആശ്വാസകരമായ അനുഭവമാണ്.**

കനെ യേശുവിന്റെ ശിഷ്യന്മാരുടെ അടുക്കൽ കൊണ്ടുവന്നു; സൗഖ്യം ആകേണ്ടതിന് അപേക്ഷിച്ചു. ഈ രോഗം ഒരു ദുരാത്മാവ് ആ ബാലനെ ബാധിച്ചതിന്റെ ഫലമായിട്ടായിരുന്നു. അപസ്മാരരോഗികൾ എല്ലാം ദുരാത്മാവ് ബാധിച്ചവർ എന്ന് കരുതരുത്. ഈ ബാലനിൽ ദുരാത്മാവ് ബാധിച്ചിരുന്നു എന്നത് ബാലന്റെ പിതാവിനും മറ്റ് എല്ലാവർക്കും ബോധ്യമായ കാര്യം ആയിരുന്നു. ദുരാത്മാവിനെ പുറത്താക്കുവാനാണ് ശിഷ്യന്മാരുടെ അടുക്കൽ കൊണ്ടുവന്നത്. ആ ബോധ്യം ശരിയായിരുന്നു എന്ന് യേശു ദുരാത്മാവിനെ പുറത്താക്കിയതിൽ നിന്ന് സുവ്യക്തമാണ്.

സർവ്വശക്തനും അത്ഭുതങ്ങളുടെ ദൈവവുമായ കർത്താവിൽ വിശ്വസിക്കുകയും അവിടുത്തെ അനുഗമിക്കുകയും ചെയ്യുന്നവർ, പ്രാർത്ഥിക്കുന്നവരും പ്രാർത്ഥനാഫലമായി ജനങ്ങൾക്ക് രോഗസൗഖ്യവും, പ്രശ്നങ്ങൾക്ക് പരിഹാരവും ലഭിക്കണമെന്ന് ജനങ്ങൾ പ്രതീക്ഷിക്കുന്നു. അന്ന് കർത്താവിന്റെ അപ്പോസ്തലന്മാർ നിസ്സഹായരായതുപോലെ നാമും നിസ്സഹായരായിത്തീരാറുണ്ടെന്നുള്ളത് ഒരു വാസ്തവം അല്ലേ?

ദുരാത്മാവിനെ പുറത്താക്കുവാൻ കഴിയാത്തതിനാൽ ശിഷ്യന്മാർ വലിയ ഒരു പ്രതിസന്ധിയിലായി. ജനങ്ങൾ അവർക്ക് ചുറ്റും കൂടി. ഈ അവസരം മുതലാക്കി ശാസ്ത്രിമാർ ചോദ്യങ്ങൾ ചോദിച്ച്, അവരെ കുഴപ്പിച്ച്, അവരോട് തർക്കിക്കുവാനാരംഭിച്ചു. തക്കസമയത്ത് യേശു അവിടേക്ക് വന്നത് അവർക്ക് രക്ഷയായി (മർക്കോസ് 9 :14). ഇന്നും ക്രിസ്തുവിശ്വാസികളഭിമുഖീകരിക്കുന്ന ഒരു പ്രശ്നമാണ് ഇത്. മറുപടി ലഭിച്ച പ്രാർത്ഥനയെക്കുറിച്ചോ ദൈവം ചെയ്ത അത്ഭുതത്തെക്കുറിച്ചോ സംസാരിക്കുവാനോ, ദൈവത്തിനു മഹത്വം കൊടുക്കുവാനോ തയ്യാറാകാത്തവർ, പ്രതീക്ഷിച്ച നിലയിൽ പ്രാർത്ഥനയുടെ മറുപടി ലഭിക്കാത്ത വിഷയങ്ങളിൽ ചോദ്യം ചോദിച്ചു പരിഹസിക്കാറുണ്ട്. അങ്ങനെയുള്ള സാഹചര്യങ്ങളിൽ നാം അകപ്പെടുമ്പോൾ കർത്താവ് നമ്മുടെ സഹായത്തിന് എത്തുന്നു എന്നത് ആശ്വാസകരമായ അനുഭവമാണ്.

'നിന്റെ ശിഷ്യന്മാർക്ക് എന്റെ മകനെ സൗഖ്യമാക്കുവാൻ കഴിഞ്ഞില്ല' എന്നു പരിഭവപ്പെടുന്ന ആ മനുഷ്യനോട് കർത്താവ് അരുളിച്ചെയ്തു; 'അവിശ്വാസവും കോട്ടവും ഉള്ള തലമുറയെ, എത്രത്തോളം ഞാൻ നിങ്ങളോട് കൂടെ ഇരിക്കും?

**അവിശ്വാസവും കോട്ടവുമുള്ള ഒരു തലമുറ തന്നെയാണ് ഇന്നും നമുക്ക് ചുറ്റിലും. അവിശ്വാസമെന്നതിനാൽ അർത്ഥമാക്കുന്നത് ദൈവത്തെ അറിയേണ്ടത് പോലെ അറിയാത്തവതും, വിശ്വസിക്കേണ്ടത് പോലെ വിശ്വസിക്കാത്തതും എന്ന സ്ഥിതിവിശേഷമാണ്. ദൈവത്തിലുള്ള ആശ്രയബോധവും ദൈവഭയവും അവർക്കില്ല. മാനുഷികമായ അറിവുകളിലും കഴിവുകളിലും ആണ് അവർ ആശ്രയിക്കുന്നത്.**

എത്രത്തോളം നിങ്ങളെ സഹിക്കും?' ശിഷ്യന്മാർക്ക് ദുരാത്മാവിനെ പുറത്താക്കുവാൻ കഴിയാതെ പോയത് അവരുടെ മാത്രം കുറവുകൊണ്ടായിരുന്നില്ല. അവിശ്വാസവും കോട്ടവും ഉള്ള ഒരു തലമുറയാണ് അവിടെ ഉണ്ടായിരുന്നത്. ബാലന്റെ പിതാവും, തർക്കിക്കുവാൻ അവസരം കാത്തുനിന്ന ശാസ്ത്രിമാരും അവിശ്വാസികളായി തുടരുന്ന ജനവുമെല്ലാം അതിലുൾപ്പെടുന്നു.

അവിശ്വാസവും കോട്ടവുമുള്ള ഒരു തലമുറ തന്നെയാണ് ഇന്നും നമുക്ക് ചുറ്റിലും. അവിശ്വാസമെന്നതിനാൽ അർത്ഥമാക്കുന്നത് ദൈവത്തെ അറിയേണ്ടത് പോലെ അറിയാത്തവതും, വിശ്വസിക്കേണ്ടത് പോലെ വിശ്വസിക്കാത്തതും എന്ന സ്ഥിതിവിശേഷമാണ്. ദൈവത്തിലുള്ള ആശ്രയബോധവും ദൈവഭയവും അവർക്കില്ല. മാനുഷികമായ അറിവുകളിലും കഴിവുകളിലും ആണ് അവർ ആശ്രയിക്കുന്നത്. ദൈവഭയം ഇല്ലാത്തതുകൊണ്ട് കോട്ടം ഉള്ളവർ(Corrupt) ആയിത്തീരുന്നു. ദൈവഭയമില്ലായ്മയാണ് അഴിമതിയുടെയും മലിനതയുടെയും അടിത്തറ. ദൈവം നീതിമാനും മുഖപക്ഷം ഇല്ലാതെ ന്യായം വിധിക്കുന്നവനും ആണെന്ന് വിശ്വസിക്കുന്നവർ തങ്ങളെത്തന്നെ നിർമ്മലീകരിക്കുവാൻ ഉത്സാഹിക്കും.

ഭൂതത്തെ പുറത്താക്കുന്നതിന് മുമ്പ്, ആ ബാലന്റെ പിതാവിനെ വിശ്വാസത്തിൽ ഉറപ്പിക്കുവാൻ കർത്താവ് ആഗ്രഹിച്ചു എന്ന് കരുതാം. രോഗസൗഖ്യത്തിന് രോഗിയുടെ വിശ്വാസം ഒരു നിർണായകഘടകം ആയിട്ട് വിശുദ്ധതിരുവെഴുത്തിൽ നിന്നും നമുക്ക് ഗ്രഹിക്കാം. രോഗിക്ക് വിശ്വസിക്കുവാൻ കഴിയുന്നില്ല എങ്കിൽ ആ വ്യക്തിക്ക് ഏറ്റവും ഉത്തരവാദിത്തപ്പെട്ടവരുടെ വിശ്വാസം നിർ

ണായകമാണ്. ആ രോഗിക്ക്വേണ്ടി പ്രാർത്ഥിക്കുന്നവരിലും വിശ്വാസം അനിവാര്യമാണ് 'നിന്നാൽ വല്ലതും കഴിയും എങ്കിൽ മനസ്സലിഞ്ഞ് ഞങ്ങളെ സഹായിക്കണമേ'? (മർക്കോസ് 9 :22) എന്നാണ് ബാലന്റെ അപ്പൻ ആദ്യം യേശുവിനോട് പറഞ്ഞത്. കർത്താവ് ആ മനുഷ്യനെ തിരുത്തി. 'യേശു അവനോട് നിന്നാൽ കഴിയും എങ്കിൽ എന്നോ? വിശ്വസിക്കുന്നവന് സകലവും കഴിയും എന്നു പറഞ്ഞു' (മർക്കോസ് 9:23). ബാലന്റെ അപ്പൻ ഉടനെ നിലവിളിച്ചു, 'കർത്താവേ, ഞാൻ വിശ്വസിക്കുന്നു എന്റെ അവിശ്വാസത്തിന് സഹായിക്കണമേ എന്ന് പറഞ്ഞു' (മർക്കോസ് 9 :24). ആ മനുഷ്യനിൽ ഒരു രൂപാന്തരം ഉണ്ടായി, വിശ്വസിക്കുവാൻ തക്കവണ്ണം ദൈവം തന്റെ ഹൃദയത്തെ തുറന്നു എന്ന് കരുതാം.

കർത്താവ് ഭൂതത്തെ ശാസിക്കുകയും ബാലൻ സുഖം പ്രാപിക്കുകയും ചെയ്തു. ശിഷ്യന്മാർക്ക് അത് അത്ഭുതമായിരുന്നു. തങ്ങൾക്ക് എന്തുകൊണ്ട് ഭൂതത്തെ പുറത്താക്കുവാൻ കഴിഞ്ഞില്ല എന്ന ചിന്ത അവരിൽ ബലപ്പെട്ടു. കർത്താവിനോട് സ്വകാര്യമായി അവർ അത് ചോദിച്ചു. കർത്താവ് നൽകിയ മറുപടിയിൽ രണ്ടു കാര്യങ്ങളാണ് അവരോട് പറഞ്ഞത്. ഒന്നാമത്തെ കാര്യം; 'നിങ്ങളുടെ അൽപ്പവിശ്വാസം നിമിത്തമാണ്' (മത്തായി 17:20). ശിഷ്യന്മാർ കർത്താവിൽ വിശ്വസിക്കുന്നവർ ആയിരുന്നു. എങ്കിലും അവർ പലപ്പോഴും അല്പവിശ്വാസികൾ ആയിരുന്നു, അഥവാ വേണ്ടതുപോലെ വിശ്വാസം ഇല്ലാത്തവരായിരുന്നു.

നമ്മെത്തന്നെ നാം ശോധന ചെയ്താൽ നമ്മിലനേകർ ഈ ശിഷ്യന്മാരുടെ അവസ്ഥയിലാണെന്ന് സമ്മതിക്കേണ്ടി വരും. വിശ്വാസത്തിൽ കരുത്തുള്ളവരാകുവാൻ നമുക്ക് ആഗ്രഹമുണ്ടായാൽ നന്ന്. കാര്യസ്ഥനും സഹായകനുമായ പരിശുദ്ധാത്മാവിനെ ലഭിക്കുന്നതിന് മുമ്പായിരുന്നു ശിഷ്യന്മാരുടെ ഈ അവസ്ഥ. പരിശുദ്ധാത്മാവിനെ പ്രാപിച്ചശേഷം അവരെല്ലാം വിശ്വാസത്തിൽ വീരന്മാരായിത്തീർന്നു. പരിശുദ്ധാത്മാവ് എന്ന ദാനം തന്റെ മക്കൾക്കുള്ള അവകാശമാണ്. പരിശുദ്ധാത്മാവിൽ നിറഞ്ഞു അവിടുത്തെ നിയന്ത്രണത്തിൽ നാം ആകുമ്പോൾ വിശ്വാസത്തിൽ ദൃഢതയുള്ളവരാകുവാൻ കഴിയും. കർത്താവിന്റെ മഹത്വത്തിനായി തന്റെ കരങ്ങളിൽ ശക്തരായി ഉപയോഗപ്പെടുവാൻ നമുക്ക് ഇടയാകും.

രണ്ടാമതായി കർത്താവ് ശിഷ്യന്മാരോട് പറ

**പ്രാർത്ഥനാജീവിതം ശരിയായ നിലയിൽ നയിക്കുന്നവർക്ക് ഉപവസിച്ചു പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകത സമയാസമയങ്ങളിൽ ബോധ്യപ്പെടും. ശുദ്ധീകരണം പ്രാപിക്കുമ്പോൾ നമ്മുടെമേൽ പിശാചിന് അവകാശം പറയുവാൻ ഒന്നുമില്ലാതെ ആവുകയാണ്. ശിഷ്യന്മാർ അപ്രകാരം ഒരു പ്രാർത്ഥനാജീവിതത്തിലേക്ക് വളരേണ്ടതുണ്ടായിരുന്നു.**

ഞത് ഇപ്രകാരമാണ്. 'പ്രാർത്ഥനയാലല്ലാതെ ഈ ജാതി ഒന്നിനാലും പുറപ്പെട്ടു പോവുകയില്ല്'( മർക്കോസ് 9: 29)എന്നാണ്.

പ്രാർത്ഥനയും വിശ്വാസവും വളരെ ബന്ധപ്പെട്ട യാഥാർത്ഥ്യങ്ങളാണ്. വിശ്വാസമാണ് പ്രാർത്ഥിക്കുവാൻ നമ്മെ ഉത്സാഹിപ്പിക്കുന്നത്. വിശ്വാസമില്ലാതെ അഥവാ കർത്താവിൽ ശരിയായ ആശ്രയം ഉറപ്പിക്കാതെ പ്രാർത്ഥിച്ചാൽ അത് ഒരു ജല്പനം മാത്രമായിരിക്കും. ദൈവത്തോടുള്ള സംഭാഷണമാണ് പ്രാർത്ഥന. ദൈവത്തോടുള്ള ആത്മബന്ധത്തിൽ നിന്നാണ് പ്രാഗത്ഭ്യത്തോടെ പ്രാർത്ഥിക്കുവാൻ നമുക്ക് കഴിയുന്നത്. മത്തായി എഴുതുമ്പോൾ പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ എന്ന് പറഞ്ഞിരിക്കുന്നു. ഉപവാസം എന്നത് നമ്മെത്തന്നെ ദൈവസന്നിധിയിൽ താഴ്ത്തുന്നതാണ്, നമ്മുടെ കുറവുകൾ കണ്ടെത്തി അവ ഏറ്റുപറഞ്ഞു ശുദ്ധീകരണം പ്രാപിക്കുന്നതിനാണ്. പ്രാർത്ഥനാജീവിതം ശരിയായ നിലയിൽ നയിക്കുന്നവർക്ക് ഉപവസിച്ചു പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകത സമയാസമയങ്ങളിൽ ബോധ്യപ്പെടും. ശുദ്ധീകരണം പ്രാപിക്കുമ്പോൾ നമ്മുടെമേൽ പിശാചിന് അവകാശം പറയുവാൻ ഒന്നുമില്ലാതെ ആവുകയാണ്. ശിഷ്യന്മാർ അപ്രകാരം ഒരു പ്രാർത്ഥനാജീവിതത്തിലേക്ക് വളരേണ്ടതുണ്ടായിരുന്നു.

വിശ്വാസവും പ്രാർത്ഥനയും ദൈവം നമ്മെ ഉപയോഗിക്കുന്നതിനുള്ള അനിവാര്യ ഘടകങ്ങളാണ്. അപ്പോഴാണ് ആത്മീയ അധികാരമുള്ളവരായി പിശാചിനെ ജയിക്കുവാൻ കഴിയുക. ഈ പാഠം ഉൾക്കൊണ്ട് നമ്മുടെ ആത്മീയ ജീവിതത്തെ ഫലവത്താക്കുവാൻ നമുക്ക് കഴിയണം•

# ഭാരം തൂക്കുന്ന മരം

കുഴപ്പം പിടിച്ച ഒരുപാടു കാര്യങ്ങൾ കൈകാര്യം ചെയ്തിട്ടാണ് ജോ അന്നു സ്നേഹിതന്റെ മോട്ടോർസൈക്കിളിനു പിന്നിലിരുന്നു വീട്ടിലേക്കു പോയത്. പകൽ നേരിട്ട അനർഥങ്ങളെല്ലാം വിവരിച്ചു കേട്ടപ്പോൾ ഇയാൾക്കു ലിഫ്റ്റു കൊടുത്തതു തനിക്കു വിന യാകുമോ എന്ന സംശയമാണു ലാലിനു തോന്നിയത്. ജോയുടെ പണിയായുധങ്ങളിൽ ചിലതു പണിസ്ഥലത്തുനിന്നും മോഷണം പോയതിനാൽ സ്നേഹിതനിൽനിന്നും വായ്പ വാങ്ങേണ്ടി വന്നു. വായ്പ വാങ്ങിയതിലൊരെണ്ണം ഒടിഞ്ഞുപോയതിനാൽ നഷ്ടപരിഹാരം കൊടുക്കേണ്ടിവന്നു. നാളെ പണി തുടരണമെങ്കിൽ പുതിയതു വാങ്ങേണ്ടിവരും. പണികൾ പറഞ്ഞസമയത്തു പൂർത്തിയാക്കാഞ്ഞതിനാൽ കരാർ നല്കിയ ആൾ മുഷിഞ്ഞു സംസാ രിച്ചു. ഇക്കാര്യങ്ങളുടെയെല്ലാം ഭാരവും പേറി വീട്ടിലേക്കു മടങ്ങാനൊരുങ്ങിയപ്പോഴാണ് മോട്ടോർ സൈക്കിളിന്റെ ചക്രം പഞ്ചറായിരിക്കുന്നതു കണ്ടത്. നന്നാക്കാമെന്നു കരുതി വർക്ക്ഷോപ്പിലെത്തിയപ്പോൾ അയാൾ നേരത്തെ കട പൂട്ടി വീട്ടിൽപോയിരിക്കുന്നു. ഭാഗ്യ ത്തിനു ലാലിനെ കണ്ടതുകൊണ്ട് ഈ ലിഫ്റ്റു തരപ്പെട്ടു. ഏതായാലും വേറെ കുഴപ്പമൊ ന്നുമില്ലാതെ വീടെത്തി. ഇത്രയും കുഴഞ്ഞു മറിഞ്ഞ മനസ്സുമായി വീട്ടിലെത്തിയ ജോ ഭാര്യ യോടും മക്കളോടും നർമസല്ലാപത്തോടും ആനന്ദത്തോടും ഇടപെടുന്നതു കണ്ട ലാൽ അത്ഭുതപ്പെട്ടു. താനായിരുന്നുവെങ്കിൽ ഒരു ഭൂകമ്പം തന്നെ പ്രതീക്ഷിക്കാമായിരുന്നു. വിസ്മയം അടക്കാനാവാതെ ലാൽ ചോദിച്ചു 'വിട്ടിലെത്തിയപ്പോൾ നീ ആളാകെ മാറിയ ല്ലോ'. മറുപടി: 'എന്റെ സ്നേഹിതാ നീ ശ്രദ്ധിച്ചില്ലായിരുന്നോ ഞാൻ അതെല്ലാം ആ മര ത്തിൽ തൂക്കിയിട്ടു'. വീട്ടിലേക്കു കയറുന്നതിനുമുമ്പ് അവിടെ നിന്ന ഒരു ചെറു മരത്തിന്റെ കൊമ്പുകളെ ജോ സ്പർശിക്കുന്നതു ലാൽ ശ്രദ്ധിച്ചിരുന്നു. 'പണിസ്ഥലത്തെ ഭാരമെല്ലാം വീട്ടിലേക്കു കയറുന്നതിനു മുമ്പ് എന്നും ഞാനാ മരത്തിൽ തൂക്കിയിടും; ഇനി രാവിലെ പോകാൻ നേരത്തേ അവ തിരിച്ചെടുക്കുകയുള്ളൂ. പിന്നെ രാത്രിയിലെ സ്വകാര്യ പ്രാർഥന യിൽ അവയെല്ലാം ഓർത്തെടുത്ത് കർത്താവിനോടു പറയും, അതുകൊണ്ട് രാവിലെ ചെന്നു തിരിച്ചെടുക്കുമ്പോൾ മിക്കപ്പോഴും അതിന്റെ ഭാരം നന്നായി കുറഞ്ഞിട്ടുണ്ടാവും'. 'ആ മര' ത്തിന്റെ ഒരു തൈ നട്ടുവളർത്താനുള്ള തീരുമാനത്തോടെ ചായയും കുടിച്ച് ലാൽ യാത്ര യായി.

**ദൈവഭയമുള്ള ഒരു മാതാവിന്റെ കയ്യിൽ നിന്നും ഒരു കുഞ്ഞിനെ വലിച്ചെടുക്കാൻ തക്ക ശക്തി യുള്ള പിശാചുക്കൾ നരകത്തിലില്ല എന്നാണെന്റെ വിശ്വാസം.**
***– ബില്ലി സൺഡേ***

**പ്രാർഥിക്കുന്ന ഒരു മാതാവ് തന്റെ കുഞ്ഞിന്മേൽ ചെലുത്തുന്ന സ്വാധീനം ജീവാവസാനം വരെ നിലനില്ക്കും. നിങ്ങൾ മരിച്ചശേഷമായിരിക്കാം ഒരുപക്ഷേ അതിനു മറുപടി ഉണ്ടാകുക.**
***– ഡി.എൽ. മൂഡി***

**ഞാൻ എന്തായിരിക്കുന്നുവോ, ഇനി എന്താകുവാൻ പോകുന്നുവോ എല്ലാറ്റിനും എന്റെ അമ്മ എന്ന മാലാഖയോടു ഞാൻ കടപ്പെട്ടിരിക്കുന്നു.**
***– ഏബ്രഹാം ലിങ്കൺ***

**ഒരു കുട്ടിയുടെ സ്വഭാവരൂപീകരണത്തിൽ ക്രിസ്തീയമാതാവിനുള്ള പങ്കിനെ ദൈവത്തിനു മാത്രമേ പൂർണ്ണമായി വിലമതിക്കാനാവൂ.**
***– ബില്ലിഗ്രഹാം***

ഭൂമിയിലെ നമ്മുടെ മാതൃക ആരായിരിക്കണം? ഭക്തി, ജീവിതം കൊണ്ടു തെളിയിച്ചവർ! പൗലൊസ് അഭിമാനത്തോടെ പറയുന്നു: ഞാൻ വേഷംകെട്ടുകാരനല്ല തിമൊഥെയൊസേ, “നീയോ, എന്റെ ഉപദേശം, നടപ്പ്, ഉദ്ദേശ്യം, വിശ്വാസം, ദീർഘക്ഷമ, സ്നേഹം, സഹിഷ്ണുത, കഷ്ടാനുഭവം ഇവ കണ്ടറിഞ്ഞിരിക്കുന്നു” (2 തിമൊഥെയൊസ് 3:10,11).

“നീ എല്ലാം പൂർണമായി അറിഞ്ഞിരിക്കുന്നു” (2 തിമൊഥെയൊസ് 3:10). എനിക്കു രഹസ്യങ്ങൾ ഇല്ല... ഞാൻ പഠിപ്പിച്ച ഉപദേശം, നടപ്പ്, സ്വഭാവം, ഉദ്ദേശ്യം (ലക്ഷ്യം), വിശ്വാസം, ദീർഘക്ഷമ, സ്നേഹം, സഹിഷ്ണുത, ഇതൊന്നും വെറും അഭിനയമല്ലെന്നു നിനക്കറിയാം. ഞാൻ എന്റെ ഭക്തി, ജീവിതംകൊണ്ട് തെളിയിച്ചു. ഭക്തിയുടെ യാഥാർഥ്യത്തിന്റെ മറ്റൊരു തെളിവാണ് “ഉപദ്രവം”. അനുരഞ്ജനമില്ലാത്ത ആത്മികത വെച്ചു പുലർത്തുന്ന ഒരാൾക്കു ഭക്തിയുടെ വേഷധാരികളിൽ നിന്നു പീഡനം ഉണ്ടാകാതിരിക്കില്ല. അതുകൂടാതെയാണ് സുവിശേഷസാക്ഷ്യം വഹിക്കുന്നവർക്ക് പുറത്തുനിന്നുണ്ടാകുന്ന പീഡകൾ.

അന്ത്യോക്യയിലും ഇക്കോന്യയിലും ലുസ്ത്രയിലും എനിക്കു ഭവിച്ച ഉപദ്രവവും കഷ്ടാനുഭവവും നീ കണ്ടറിഞ്ഞിരിക്കുന്നു. ഞാൻ എന്തെല്ലാം ഉപദ്രവങ്ങൾ സഹിച്ചു; അതിലെല്ലാറ്റിൽ നിന്നും കർത്താവ് എന്നെ വിടുവിച്ചു (2 തിമൊഥെയൊസ് 3: 11). എന്നാൽ ഈ ഉപദ്രവങ്ങൾ ഞാൻ വേഷംകെട്ടുകാരനല്ലെന്നതിന്റെ തെളിവാണ്. കാരണം, ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിക്കാൻ മനസ്സുള്ളവർക്കെല്ലാം ഉപദ്രവം ഉണ്ടാകും(2 തിമൊഥെയൊസ് 3: 12).“ദുഷ്ടമനുഷ്യരും മായാവികളും (വേഷംകെട്ടുകാരും) വഞ്ചിച്ചും വഞ്ചിക്കപ്പെട്ടും കൊണ്ടു മേൽക്കുമേൽ ദോഷത്തിൽ മുതിർന്നുവരും”(2 തിമൊഥെയൊസ് 3:13). രസകരമായിരിക്കുന്നു ഈ വാക്കുകൾ. വേഷംകെട്ടുകാർ മറ്റുള്ളവരെ വഞ്ചിക്കും, ദോഷം ചെയ്യും (ഉപദ്രവിക്കും). എന്നാൽ അവർ അറിയുന്നില്ല അവർ അവരെത്തന്നെ വഞ്ചിക്കുകയാണെന്ന്. അവർ അധികം മുഴുക്കുകയില്ല; അവരുടെ വഞ്ചന- ബുദ്ധികേട്- താമസിയാതെ ജനങ്ങൾക്കു വെളിപ്പെടും (2 തിമൊഥെയൊസ് 3: 9).

വിശുദ്ധിയിൽ ജീവിക്കാൻ ദൈവം നല്കുന്ന ഭക്തിയുടെ ശക്തിയെ നിരസിച്ച് ഭോഗപ്രിയരായി സ്വകാര്യജീവിതം നയിക്കുമ്പോൾ , ഭക്തിയുടെ വേഷംകെട്ടി പ്രത്യക്ഷസഭയുടെ മുന്നിൽ നിൽക്കുന്ന വഞ്ചകരുടെ വേഷമഴിയാൻ നേരമായി. ദൈവം അവരെ പരസ്യകോലമാക്കുന്നതിന് ഇനി താമസമില്ല. മായാവികൾ (വേഷംകെട്ടുകാർ) മേൽക്കുമേൽ ദോഷത്തിൽ മുതിർന്നുവരുമ്പോൾ (2 തിമൊഥെയൊസ് 3:13) ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിക്കുന്നവർ (2 തിമൊഥെയൊസ് 3:12) സ്വഭാവത്തിലും ലക്ഷ്യബോധത്തിലും വിശ്വാസത്തിലും ദീർഘക്ഷമയിലും സ്നേഹത്തിലും സഹിഷ്ണുതയിലും (2 തിമൊഥെയൊസ് 3:10) മുതിർന്നു വരും. ഭക്തിയുടെ വേഷംകെട്ടുന്നവനെ ദൈവം അവന്റെ പുറംമോടികളഴിച്ച് അനാവൃതനാക്കി ലജ്ജ ധരിപ്പിക്കുന്നതുപോലെ, ഭക്തിയുടെ ശക്തി ഉള്ളിൽ സൂക്ഷിച്ചവരെ ദൈവം അവരുടെ മറഞ്ഞിരിക്കുന്ന മഹത്ത്വത്തെ വെളിപ്പെടുത്തി ആദരിക്കുകയും ചെയ്യും.

**അനുരഞ്ജനമില്ലാത്ത ആത്മികത വെച്ചുപുലർത്തുന്ന ഒരാൾക്കു ഭക്തിയുടെ വേഷധാരികളിൽ നിന്നു പീഡനം ഉണ്ടാകാതിരിക്കില്ല. അതുകൂടാതെയാണ് സുവിശേഷ സാക്ഷ്യം വഹിക്കുന്നവർക്ക് പുറത്തുനിന്നുണ്ടാകുന്ന പീഡകൾ.**

“നീയോ, ഇന്നവനോടു പഠിച്ചു എന്ന് ഓർക്കുകയും ക്രിസ്തുയേശുവിങ്കലുള്ള വിശ്വാസത്താൽ നിന്നെ രക്ഷയ്ക്കു ജ്ഞാനിയാക്കുവാൻ മതിയായ തിരുവെഴുത്തുകളെ ബാല്യം മുതൽ അറിയുകയും ചെയ്യുന്നതുകൊണ്ടു നീ പഠിച്ചും നിശ്ചയം പ്രാപിച്ചും ഇരിക്കുന്നതിൽ നിലനില്ക്ക” (2 തിമൊഥെയൊസ് 3:15). വേഷംകെട്ടുകാരുടെ മധ്യത്തിൽ ഭക്തിയുടെ ശക്തി മുറുകെ പിടിക്കാൻ ദൈവം നമ്മെ സഹായിക്കട്ടെ. പാപത്തെ പടിക്കുപുറത്തു നിർത്തി ഒരു വിശുദ്ധ ജീവിതം നയിക്കാൻ നമ്മെ ദൈവം പ്രാപ്തരാക്കട്ടെ. ഭക്തി അഭിനയിക്കാനല്ല അതിന്റെ ശക്തി അനുഭവിക്കാൻ നമുക്ക് നമ്മെത്തന്നെ സമ്പൂർണ്ണമായി സമർപ്പിക്കാം. ●

# ഒപ്പിയെടുക്കാൻ ക്യാമറക്കണ്ണുകൾ...

ഇനി അശ്രദ്ധമായോ അമിതവേഗത്തിലോ ഗതാഗതനിയമങ്ങൾ തെല്ലും വിലകൊടുക്കാതെ റോഡിൽ ഡ്രൈവ് ചെയ്യാമെന്നു കരുതേണ്ട. ചെറിയൊരു നിയമലംഘനത്തിനുപോലും പിടി വീഴുന്ന സംവിധാനങ്ങൾ നിലവിൽ വന്നുകഴിഞ്ഞു. റോഡിൽ നിയമങ്ങൾ അനുസരിച്ച് സൂക്ഷിച്ചും ശ്രദ്ധിച്ചും വാഹനം ഓടിച്ചില്ലെങ്കിൽ ശിക്ഷ പിഴയുടെ രൂപത്തിൽ വീട്ടിലെത്തും. സംസ്ഥാനത്ത് ഗതാഗത നിയമലംഘനങ്ങൾക്ക് പൂട്ടിടാനുള്ള ആർട്ടിഫിഷൽ ഇന്റലിജൻസ് ക്യാമറകൾ ഏപ്രിൽ 20 മുതൽ പ്രവർത്തനം ആരംഭിച്ചു. മോട്ടോർ വാഹനവകുപ്പിന്റെ 726 ആർട്ടിഫിഷൽ ഇന്റലിജൻസ് ക്യാമറകളാണ് ഗതാഗത നിയമലംഘനങ്ങൾ കണ്ടെത്താനായി തയ്യാറായിട്ടുള്ളത്. കെൽട്രോൺ വഴി നടപ്പാക്കുന്ന പദ്ധതിയുടെ ചെലവ് 232.15 കോടി രൂപയാണ്.



ഹെൽമറ്റ് ധരിക്കാതെയുള്ള ഇരുചക്ര വാഹനയാത്ര, സീറ്റ് ബെൽറ്റ് ധരിക്കാതെയുള്ള കാർ യാത്ര എന്നിവ കണ്ടുപിടിക്കാനും അപകടം ഉണ്ടാക്കിയ ശേഷം നിർത്താതെ പോകുന്ന വാഹനങ്ങളെ പിടികൂടാനും വേണ്ടിയാണ് 675 ക്യാമറകൾ ഉപയോഗിക്കുന്നത്. അനധികൃത പാർക്കിങ് പിടികൂടുന്നതിന് 25 ക്യാമറകളും റെഡ്ലൈറ്റ് അവഗണിച്ചു പോകുന്നവരെ പിടികൂടാൻ 18 ക്യാമറകളും ഉണ്ടാകും. എല്ലാ ജില്ലയിലും കൺട്രോൾ റൂം സംവിധാനവും ഒരുക്കിയിരിക്കുന്നു. അമിതവേഗം കണ്ടുപിടിക്കുന്നതിനു 4 ഫിക്സഡ് ക്യാമറകളും വാഹനങ്ങളിൽ ഘടിപ്പിച്ച 4 ക്യാമറകളും പ്രവർത്തിക്കുന്നു.

ഹെൽമറ്റും സീറ്റും ബെൽറ്റും മാത്രമേ പ്രശ്നമുള്ളൂവെന്ന് കരുതാൻ വരട്ടെ. ഇതുമാത്രമല്ല ക്യാമറയിൽ പതിയുന്നത്. ക്യാമറ ആദ്യം പിടികൂടുന്നത് ഇത്തരം നിയമലംഘനങ്ങളാണ്. ഹെൽമെറ്റ് ഇല്ലാതെയുള്ള യാത്ര, രണ്ടിലധികം പേർ ഇരുചക്ര വാഹനത്തിൽ സഞ്ചരിക്കുന്നത്, ലൈൻ മറികടന്നുള്ള ഡ്രൈവിങ്, സീറ്റ് ബെൽറ്റ് ഇടാതെയുള്ള യാത്ര, വാഹനം ഓടിക്കുമ്പോൾ മൊബൈലിൽ സംസാരിച്ചുള്ള യാത്ര ഇതിനെല്ലാം പിടിക്കപ്പെട്ടാൽ പിഴ ഒടുക്കേണ്ടു വരും.

നിയമലംഘനം നടന്ന് ആറ് മണിക്കുറിനുള്ളിൽ വാഹന ഉടമയ്ക്ക് സന്ദേശം ലഭിക്കും. പിന്നീട് ഉടമയുടെ അഡ്രസിൽ രജിസ്ട്രേഡ് കത്ത് വരും. പിഴ അടച്ചില്ലെങ്കിൽ ടാക്സ് അടക്കുമ്പോഴും വാഹനം കൈമാറ്റും ചെയ്യുമ്പോഴും പിഴത്തുക അടയ്ക്കേണ്ടി വരും. ഒരു ദിവസം ഒന്നിലധികം തവണ നിയമം ലംഘിച്ചാൽ അത്രയധികം തവണ പിഴയടക്കേണ്ടി വരും. സംസ്ഥാനത്ത് നിരത്തിലോടുന്ന എല്ലാ വാഹനങ്ങളേയും മോട്ടോർ വാഹന വകുപ്പിന്റെ നിരീക്ഷണത്തിലാക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഒരുദിവസം ശരാശരി 12 14 ജീവനുകളാണ് നിരത്തിൽ പൊലിയുന്നത്. അപകടങ്ങൾ ഒഴിവാക്കുന്നതും മോട്ടോർ വാഹനവകുപ്പിന്റെ മറ്റൊരു ലക്ഷ്യമാണ്. അശ്രദ്ധമായ ഡ്രൈവിങ്ങും നിയമലംഘനവും നിമിത്തം വിലപ്പെട്ട മനുഷ്യജീവൻ തെരുവിൽ പൊലിഞ്ഞുപോകരുത് എന്ന ലക്ഷ്യത്തോടു കൂടി നടപ്പാക്കുന്ന ഇത്തരം പരിഷ്ക്കാരങ്ങൾക്ക് എല്ലാവരുടെയും സഹകരണം അത്യാവശ്യമാണ്. അപ്പോൾത്തന്നെ പ്രായോഗികമല്ലാത്ത, സാധാരണക്കാർക്ക് വലിയ ബുദ്ധിമുട്ടും പ്രയാസവും സൃഷ്ട്ടിച്ചേക്കാവുന്ന ചില നടപടികളെ മനുഷ്യത്വപരമായ പരിഗണന നൽകി ഒഴിവാക്കേണ്ടതുമാകുന്നു.

പൊതുജനത്തിന് ബുദ്ധിമുട്ടുണ്ടാക്കാത്ത നിലയിൽ കൃത്യമായ ആസൂത്രണത്തിലൂടെ ഈ പരിഷ്ക്കാരങ്ങൾ നടപ്പാക്കുന്നതിൽ സർക്കാർ സംവിധാനങ്ങൾ എപ്പോഴും ജാഗ്രത പുലർത്തിയാൽ, പൊതുനിരത്തുകളിൽ ഭയം കൂടതെ സുരക്ഷിതരായി യാത്ര ചെയ്യുവാൻ സഹായകമാകും. എന്നുമാത്രമല്ല ക്യാമറകളിൽ നിയമലംഘനം പതിഞ്ഞാൽ വാഹനമോടിക്കുന്നവരിൽ നിന്ന് പിഴയിനത്തിൽ സംസ്ഥാന ഖജനാവിലേക്ക് ഗണ്യമായ വരുമാനം ലഭിക്കുകയും ചെയ്യും. ●

സമാപ്തിക്കുറിപ്പ്

# ഭക്തിയും ഭക്തിയുടെ നാട്യങ്ങളും

വിശുദ്ധ പൗലോസ് അവസാനമെഴുതിയ ലേഖനത്തിൽ താൻ അന്ത്യകാല ദുർഘടനാളുകളെ കുറിച്ച് പറയുമ്പോൾ മനുഷ്യർ ദൈവഭക്തിയുടെ ശക്തിയെ ത്യജിച്ച് വേഷഭക്തരായി മാറുന്നു എന്നു പരാമർശിക്കുന്നു. ഭക്തിയുടെ ബാഹ്യരൂപത്തെ നിലനിർത്തിക്കൊണ്ട് അതിന്റെ ചൈതന്യത്തെ നിഷേധിക്കുന്ന ക്രിസ്തുവിശ്വാസികളെക്കുറിച്ചാണ് പൗലോസ് ഓർമ്മിപ്പിച്ചത്. ഭക്തിയുടെ ഈ ബാഹ്യാനുഭവങ്ങൾ യഥാർത്ഥ ഭക്തിയിൽ നിന്ന് വളരെദൂരെ ആയിരിക്കും. സ്വാർത്ഥസ്നേഹം, അഹങ്കാരം, ധനമോഹം, അശുദ്ധി, മനുഷ്യത്വമില്ലായ്മ, ഭോഗാസക്തി തുടങ്ങിയവയുടെ ലിസ്റ്റിലാണ് ഭക്തിയുടെ വേഷപ്പകർച്ചകളെയും അപ്പോസ്തലൻ ഉൾപ്പെടുത്തിയിരിക്കുന്നത്.

യഥാർത്ഥ സുവിശേഷവും 'വേറൊരു സുവിശേഷവും' ഉള്ളതുപോലെ യഥാർത്ഥ ഭക്തിയെയും മറ്റൊരു ഭക്തിയെയും കുറിച്ചു പൗലോസ് മുന്നറിയിപ്പ് നൽകുകയാണ്. പിതാവാം ദൈവത്തിന്റെ മുമ്പാകെയുള്ള ശുദ്ധവും നിർമ്മലവുമായുള്ള ഭക്തിയെക്കുറിച്ച് യാക്കോബ് അപ്പോസ്തലൻ പറയുന്നത് ഇപ്രകാരമാണ്: 'അനാഥരെയും വിധവമാരെയും അവരുടെ സങ്കടത്തിൽ ചെന്നു കാണുന്നതും ലോകത്താലുള്ള കളങ്കം പറ്റാതെ വണ്ണം തന്നെത്താൻ കാത്തുകൊള്ളുന്നതും ആകുന്നു'. യഥാർത്ഥ ഭക്തിയും പ്രാർത്ഥനയും സുഖഭോഗങ്ങളിൽ വ്യാപരിക്കാനുള്ള ആത്മീയത അല്ലെന്ന് വിശുദ്ധ യാക്കോബ് തീഷ്ണമായി വ്യക്തമാക്കുന്നുണ്ട്.

കപടഭക്തിയെയും വേഷഭൂഷാദികളിൽ അധിഷ്ഠിതമായ ബാഹ്യഭക്തിയേയും യേശുക്രിസ്തു കടുത്തഭാഷയിൽ വിമർശിച്ചിട്ടുള്ളത് സുവിശേഷങ്ങളിൽ കാണാം. ഇന്നും ഭക്തി എന്ന് കേൾക്കുമ്പോൾ ബാഹ്യരൂപങ്ങൾക്കും കർമ്മാദികൾക്കും വസ്ത്രത്തൊങ്ങലുകൾക്കും ഒക്കെയാണ് പ്രാധാന്യം! ആദിമക്രിസ്ത്യാനികൾ ബാഹ്യപ്രകടനങ്ങളെക്കാൾ ആന്തരികശക്തിക്ക് പ്രാധാന്യം നൽകി. ഭക്തിയുടെ അടിസ്ഥാനഘടകങ്ങൾ, എന്നും ദൈവഭയവും വിശുദ്ധജീവിതവും പരസ്പരമുള്ള സ്നേഹാദരവുകളും ആണ്. മറ്റുള്ളവരുടെ സങ്കടങ്ങളിൽ കൂട്ടായ്മ കാണിക്കുന്നതും യഥാർത്ഥ ഭക്തിയുടെ ലക്ഷണമാണ്. ആത്മാവിൽ എളിമയും അനുതാപവും ഉണ്ടായിരിക്കുകയും ദൈവവചനം ശ്രവിക്കുമ്പോൾ വിറയ്ക്കുകയും ചെയ്യുന്നവരെയാണ് ഭക്തരായി ദൈവം കാണുന്നത്.

പരമാർത്ഥതയും അനുതാപവും ഇല്ലാത്ത ശുശ്രൂഷകന്മാരുടെ പ്രസംഗങ്ങളും, വിശുദ്ധജീവിതം ഇല്ലാത്ത സംഗീതവിദഗ്ധരുടെ ഗാനാലാപനങ്ങളും, ആത്മപ്രശംസയുടെ നെടുങ്കൻ സാക്ഷ്യങ്ങളും മറ്റും പലപ്പോഴും ബാഹ്യഭക്തിയുടെ അഭിനയങ്ങളായി മാറുന്നു.

-എംസി


നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

Bank Account Details:
Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315
SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക വരിസംഖ്യ 250 രൂപ

QR കോഡ് സ്കാൻ ചെയ്തു Google Pay / PhonePe ചെയ്യാവുന്നതാണ്.

അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.


RNI No. KERMAL/2012/46138
Date of Publishing 10.05.2023

NERVEEDHI - MAY 2023
Annual Subscription ₹ 250.00
(Per copy ₹ 25.00)

Postal Registration No. KL/KTM/150/2023-2025

# ആർ.പി പബ്ലിക്കേഷൻസിൽനിന്നും ചില ഉത്തമ ഗ്രന്ഥങ്ങൾ






















എല്ലാ വിലകളും
പോസ്റ്റേജ് ഉൾപ്പെടെ...
കൂടുതൽ വിവരങ്ങൾക്ക് :

Mob:
9495435336,
8547916678

Vpa Id:qr.nerveedhi@sib
BHIM UPI
Scan and Pay using any UPI App

Address for Communication :

**NERVEEDHI,**
**Righteous Path Publication Trust**
**Mackal Building,**
**Oravakal, Amayannoor (P.O),**
**Kottayam, Kerala - 686019**

**Mob: 9495435336, 8547916678**
**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.